സുപ്രഭാതം



സർഗചേതനയുടെ മിടിപ്പുകൾ

നയനം
Editorial board

KOZHIKODE OPHTHALMIC SOCIETY



Dr. Vinod Kumar NV
Chief Editor



Dr. Biju John C
Asso. Editor South Zone



Dr. Deepa MG
Asoso. Editor Mid Zone



Dr Vanaja Raghavan
Asoso. Editor North Zone



Dr. Rajesh Radhakrishnan
Editor, Photography




Dr. Shaji A
Editor, Arts and Design



Dr. Srikanth R
Editor, Arts and Design



Dr. Surya Surendran N
Editor, Arts and Design



Dr. Vineetha Vijayan
Editor, Arts and Design

President's Message

Respected Seniors,
Dear Friends & Colleagues,

KSOS is coming out with the second edition of "Spandanam" containing interesting and high quality articles and poems in Malayalam and English, wild life photos, paintings etc by our society members. I thank the team (Editor: Vinodkumar NV, Associate editors : Dr Biju John, Dr Vanaja Raghavan, Dr Deepa M G , Editor Art : Dr Shaji Ankan, Dr Srikanth R, Dr Vineetha Vijayan, Dr Surya Surendran. Editor photography: Dr Rajesh Radhakrishnan) for a commendable effort. The cultural programmes of KSOS are widely appreciated and my special thanks to Dr Vinod for agreeing to spearhead this activity on behalf of KSOS this year.

A warm welcome also awaits you all at Kozhikode for an in - person Drishti 2022 to be held between November 25th and 27th. We are having a physical meeting after a gap of 2 years and the LOC at Kozhikode is not leaving any stone unturned to make this conference a resounding success.

Best regards

Arup Chakrabarti 24-08-22

Editor's Note

Dear Friends,

I'm happy to write this note for the latest edition of Spandanam under a fresh editorial team. Due to increased work load post covid, we couldn't keep up the timings but I suppose Onam is an auspicious occasion to launch this year's edition of Spandanam. I take this opportunity to thank everyone in the editorial board, Dr Biju John, Dr Vanaja, Dr Sreekanth, Dr Shaji, Dr Rajesh Radhakrishnan, Dr Deepa, Dr Vineetha and Dr Surya for their valuable help and inputs in the making of this avatar of Spandanam. KSOS has no dearth of talent and we could gauge that by the response we got for this edition. Hope everyone finds Spandanam 2.0 refreshing.

I should not forget the help and encouragement I got from Dr Natasha, Dr Lathika, Dr R R Varma and Dr Manoj Venugopal when I took charge of editor of a magazine for the first time in my life. I hope, I could do justice to the post I held and I take full responsibility for any errors made in this edition. I also thank KSOS President Dr Arup Chakrabarti and General Secretary Dr Gopal Pillai for giving me an opportunity to learn the art of editing a publication.

Dr Vinod Kumar N V

മധുരം മലയാളം



ഒരു മൂന്നാംക്ലാസ് പ്രവേശനം

ഡോ: മോഹൻ പി.ഐ.

ഞങ്ങളുടെ ഗ്രാമം കൊച്ചിയുടെ തിരുവിതാംകൂർ അതിർത്തിയിലാണ്. ഒരു സ്ക്വയർ മൈൽ വിസ്തീർണം മാത്രം. എന്ത് നട്ടാലും മുളക്കുന്ന കാലം. പറമ്പിലും പാടത്തും പലയിനം കൃഷികൾ. കൃഷിക്കാരുടെ ഒരു തലമുറ. അപ്പച്ചൻ, അമ്മച്ചി, അപ്പൻ, അമ്മ, കൊച്ചപ്പന്മാർ, കുഞ്ഞമ്മമാർ കുട്ടികൾ അങ്ങിനെ ഒരു കൂട്ടുകുടുംബം. സ്വന്തമെന്നു പറയാൻ ഉടുതുണി മാത്രം. ബാക്കി എല്ലാം പൊതുമുതൽ. അങ്ങിനെ ഒരു വീട്ടിൽ ഞാനും സഹോദരങ്ങളും.

എന്റെ വല്യപ്പനും മറ്റു ചിലരും കൂടി ഓല ഷെഡിൽ, ഒരു കുടിപള്ളിക്കൂടം നടത്തി വന്നിരുന്നു. അത് 1930ൽ ഗവണ്മെന്റ് യു.പി. സ്കൂൾ ആക്കി കൊച്ചി മഹാരാജാവ് ഉത്തരവിട്ടു. ആ സ്കൂൾ ഇപ്പോൾ ഒരു മുതുമുത്തശ്ശൻ ആണ്.

ഈ പള്ളിക്കൂടത്തിലേക്കാണ് ഞാൻ അപ്പച്ചന്റെ കൈയ്യിൽ പിടിച്ചുകൊണ്ട് ഒന്നാം ക്ലാസ്സിൽ ചേർന്ന് പഠിക്കുവാൻ പോയത്. 1952 ജൂൺ മാസം ഒന്നാം തിയതി. സ്ലേറ്റ്, സ്ലേറ്റ് പെൻസിൽ, പാഠപുസ്തകം, ഒരു കുട എന്നീ ആയുധങ്ങൾ കയ്യിൽ. ഹെഡ് മാസ്റ്റർ ഇസ്മായിൽ സാറിന് മുന്നിൽ നിന്ന് പരുങ്ങി. സാറിന് നല്ല പൊക്കം. മുഖത്തു നോക്കിയാൽ നമ്മുടെ കഴുത്തു ഉളുക്കും, കസവു മുണ്ടുണ്ട്. നീളൻ ജൂബ കഴുത്തിന് ചുറ്റിവരിഞ്ഞു കസവു കരയുള്ള ഒരു മേൽമുണ്ട്. ഞങ്ങളുടെ നാട്ടിൽ സാറിനു മാത്രമേ അന്ന് ഒരു സൈക്കിൾ ഉള്ളു. അതും ചവിട്ടി ബെൽ അടിച്ചും കൊണ്ട് ഒരു വരവാണ്. കാണാൻ നല്ല ചേലാണ് അഡ്മിഷൻ കഴിഞ്ഞു ക്ലാസ്സിൽ കൊണ്ടിരുത്തി അപ്പച്ചൻ പോയി.

ഞാൻ ഒന്നാം ക്ലാസ്സിൽ. ബെഞ്ചിൽ തൊട്ടടുത്ത് എന്റെ അമ്മായിയുടെ മകൻ ആറു മാസം പ്രായക്കൂടുതലുള്ള ചേട്ടൻ. സന്തോഷം. പാർവ്വതിയമ്മ ക്ലാസ് ടീച്ചർ. വീട്ടിൽനിന്നും സ്കൂളിലേക്ക് വരുന്ന വഴിക്കാണ് ടീച്ചറുടെ വീട്. ചേട്ടൻ അടുത്തുള്ളത് കാരണം കരച്ചിൽ ഒന്നും ഇല്ല. പക്ഷെ സന്തോഷം അധികം നീണ്ടു നിന്നില്ല. ആരാണ് എങ്ങിനെയാണ് എന്തിനാണ് തുടങ്ങിയത് എന്നറിയില്ല എന്റെ സ്ലേറ്റ് പൊട്ടി. ചേട്ടന്റെ പുസ്തകം കീറി. അടിയും ഇടിയും വേറെ. രണ്ടു പേർക്കും ഓരോന്ന് കിട്ടി. ഗുരുവിനു ദക്ഷിണ അങ്ങോട്ട് കൊടുക്കേണ്ടതിനു പകരം നീട്ടിയ കൈയ്യിൽ ഗുരു ഞങ്ങൾക്ക് ഇങ്ങോട്ട് തന്നു. ടീച്ചറിന്റെ മേശയുടെ അപ്പുറത്തും ഇപ്പുറത്തുമായി കുറെനേരം നിർത്തി. പിന്നെ ചേട്ടനും അനിയനും വേറെ ബെഞ്ചുകളിൽ.

ആ കൊല്ലം സന്തോഷമായി കഴിഞ്ഞു. വീണ്ടും ഒരു ജൂൺ ഒന്ന്. പാർവ്വതിയമ്മ ടീച്ചർ വന്നു രണ്ടാം ക്ലാസ്സിലേക്ക് കയറ്റം കിട്ടിയവരുടെ പേരുകൾ വിളിച്ചു. ഒന്നാം ക്ലാസ്സിൽ എല്ലാവരും ജയിച്ചു. സന്തോഷത്തോടെ അടുത്ത ക്ലാസ്സിലേക്ക്. രണ്ടാം ക്ലാസ്. പുതിയ ടീച്ചർ. ഞങ്ങൾക്ക് ആർക്കും ഇഷ്ടപ്പെട്ടില്ല. ആരോ കരഞ്ഞു തുടങ്ങി, ഏറ്റു പിടിച്ചു ബാക്കിയുള്ളവരും. ആകെ കൂട്ട കരച്ചിൽ. ഹെഡ് മാസ്റ്റർ വരുന്നു. ഞങ്ങൾക്ക് ഒറ്റ ഡിമാൻഡ്, 'തന്നേ തീരു തന്നേ തീരു, പാർവ്വതിയമ്മ ടീച്ചറെ തന്നേ തീരു' അങ്ങിനെ ഞങ്ങൾ ടീച്ചറിന് ഒരു പ്രൊമോഷൻ ഒപ്പിച്ചു കൊടുത്തു. ആ ഒരു കൊല്ലം സമാധാനപരമായി കഴിഞ്ഞു. ക്ലാസ് മൂന്ന്. ഏലിയാമ്മ ടീച്ചർ. സംഗതികളുടെ കിടപ്പു ഒരു വിധം മനസിലായതിനാൽ പാർവ്വതിയമ്മ ടീച്ചറിന് വേണ്ടി ഞങ്ങൾ മുറവിളി കൂട്ടിയില്ല.





ഒരു കുന്നിൻ ചെരിവിലാണ് സ്കൂൾ. തെക്കു പടിഞ്ഞാറു ഭാഗത്തു ഒരു കിണർ ഉണ്ട്. സ്കൂൾ വർഷത്തിൽ ആദ്യത്തെ അഞ്ചാറു മാസം ധാരാളം വെള്ളം കിട്ടും. വെള്ളം കുറഞ്ഞു തുടങ്ങിയാൽ വെള്ളത്തിന് മുകളിൽ പല നിറമുള്ള ഒരു പാട കാണും. മഴവില്ലിന്റെ പോലെ പല നിറങ്ങൾ. കുന്നിനു മുകളിൽ ഒരു ക്രിസ്ത്യൻ ദേവാലയം. അതിനോടുചേർന്നു ശവക്കോട്ടയും. ചൂട് കൂടുമ്പോൾ അടക്കം ചെയ്ത ശരീരത്തിൽ നിന്നും ഒഴുകി എത്തുന്ന കൊഴുപ്പാണ് കിണറ്റിലെ വെള്ളത്തിൽ മാറ്റം വരുത്തുന്നത് എന്നാണ് ഞങ്ങൾ സത്യമായും വിശ്വസിച്ചത്.

അങ്ങിനെ ഒരു ദിവസം ഏലിയാമ്മ ടീച്ചർ ഒരു നിർദ്ദേശം വെച്ചു. എല്ലാവരും ഓരോ കാലണ വീതം കൊണ്ടുവരിക. നമുക്ക് ഒരു കൂജ വാങ്ങി അടുത്ത് താഴെ ഉള്ള വീട്ടിൽ നിന്ന് വെള്ളം നിറച്ചു ക്ലാസ്സിൽ സൂക്ഷിക്കാം. അതിൽനിന്ന് എല്ലാവർക്കും കുടിക്കാം. ടീച്ചർ രാമച്ചം കൊണ്ടുവരാം എന്ന് പറഞ്ഞു. കുറച്ചു ദിവസങ്ങൾ കഴിഞ്ഞപ്പോൾ "ഓട്ട" കാലണകൾ ആവശ്യത്തിനായി.

ഇനി കൂജ വാങ്ങണം. ടീച്ചർ എന്നെയും കുമാരനെയും ചുമതലപ്പെടുത്തി. കുമാരൻ എന്റെ അയൽവാസിയും സുഹൃത്തും. കുമാരന്റെ അമ്മ ഞങ്ങളുടെ പറമ്പിലും പാടത്തുമെല്ലാമായി പണിയെടുക്കും. കൂജ വാങ്ങണമെങ്കിൽ ചന്തയിൽ പോകണം. സ്കൂളിൽനിന്നും ഒരു മൈൽ അകലെയാണ് ചന്ത, അതും ആഴ്ചയിൽ ഒരു ദിവസം മാത്രം.

അങ്ങിനെ ഒരു ചന്ത ദിവസം കൂജ വാങ്ങാനുള്ള ഭാരിച്ച ഉത്തരവാദിത്തത്തോടെ ടീച്ചർതന്ന പണവുമായി ഞങ്ങൾ നടന്നു. ആകെ ഒരു ബസ് മാത്രമേ ഞങ്ങളുടെ ഗ്രാമം വഴി ഓടുന്നുള്ളു. കൂടുതൽ ഉണ്ടായിട്ടും ഞങ്ങൾക്ക് പ്രയോജനമില്ല, കാരണം കയ്യിലുള്ള പണം കൂജ വാങ്ങാൻ മാത്രമേ തികയു. നടന്നു കുറച്ചു കഴിഞ്ഞപ്പോൾ ബസ് ഞങ്ങളെ കടന്നു പോയി. ബസിനു പുറകെ ഓടാൻ കാശു വേണ്ടല്ലോ. ചെമ്മൺ പാതയാണ്. ബസ് പരത്തിയ പൊടിക്കുള്ളിലൂടെ കുറച്ചു ദൂരം ഓടി. ഞങ്ങൾ ചന്തയിൽ പോയി, കൂജ വാങ്ങി തിരിച്ചു പോന്നു. സ്കൂളിന്റെ താഴെയുള്ള വീട്ടിൽനിന്ന് വെള്ളം കോരി കൂജ നിറച്ചു. ഏലിയാമ്മ ടീച്ചറെ ഏൽപ്പിച്ചു. ടീച്ചർ ഞങ്ങളെ അഭിനന്ദിച്ചു. എല്ലാ ശുഭമായി പര്യവസാനിച്ചു.

സ്കൂൾ വീടിനടുത്താണ്. അതുകൊണ്ടു ഉച്ച ഊണ് വീട്ടിൽ. കുമാരന്റെ ഉച്ച ഊണും ഞങ്ങളുടെ വീട്ടിൽ. ഞാനും സഹോദരങ്ങളും അമ്മായിയുടെ മക്കളും എല്ലാം കൂടി ഒരു എട്ടെണ്ണം. എല്ലാവരും ഊണ് മുറിയിൽ നിലത്തു നിരന്നിരിക്കും. അമ്മയും അമ്മച്ചിയും കൂടി വിളമ്പി തരും.

അങ്ങിനെ ചോറ് വാരി തിന്നുന്ന സമയം എന്റെ പുറത്തു വല്ലാത്തൊരു വേദനയും പുകച്ചിലും അതിനു അകമ്പടിയായി ഒരു ആക്രോശവും 'നീ ചന്തയിൽ പോകും അല്ലേടാ, ഇനി പോകുമോ' മുഖം ഉയർത്തി നോക്കിയപ്പോൾ അപ്പൻ മുൻപിൽ. എത്ര അടി കിട്ടി എന്ന് എണ്ണാൻ പറ്റിയില്ല. ഞാൻ കരഞ്ഞു നിലവിളിച്ചു എന്ന് പ്രത്യേകം പറയേണ്ടല്ലോ. എല്ലാവരും കരഞ്ഞുകൊണ്ട് എന്റെ വേദന പങ്കിട്ടു. തല്ലി തല്ലി വടി ഒടിഞ്ഞു. അപ്പൻ അടുത്ത വടി എടുക്കാൻ മുറി വിട്ടു.
അപ്പന്റെ പെങ്ങൾ, ഞങ്ങളുടെ വല്യമ്മായി പറഞ്ഞു 'ഓടിക്കോ മക്കളെ' കേട്ടപാതി ഒന്നിന് പുറകെ ഒന്നായി എല്ലാവരും അടുക്കള വഴി പുറത്തു ചാടി. നോക്കുമ്പോൾ പശുവിനു കൊടുക്കാനുള്ള 'കാടി' ഒരു ചെമ്പു നിറയെ. കാടിയിൽ മുക്കി കൈ കഴുകി എന്ന് വരുത്തി. ആട്ടിൻ കൂടിന്റെ വശത്തു കൂടി പറമ്പു വഴി ഓടി. കൈയ്യാലയിൽ നിന്നും തോട്ടിലേക്കു ചാടി. കൂട്ട ഓട്ടം അവസാനിച്ചത് സ്കൂളിൽ.

'കുമാരാ നിനക്ക് അടി കിട്ടിയോ". കിട്ടി. 'നീ എന്റെ കൊച്ചിനെയും കൊണ്ട് ചന്തക്കു പോകുമോടാ' എന്ന് ചോദിച്ചുകൊണ്ടായിരുന്നു അടിച്ചത്. ഞാൻ കിണറ്റിന്റെ അരികിൽകൂടി താഴത്തെ പറമ്പിൽ ചാടി ഓടി. സമാധാനമായി. ഞാൻ ഒറ്റപ്പെട്ടില്ലലോ. വൈകുന്നേരം വളരെ പേടിച്ചു വീട്ടിലെത്തി. അപ്പന്റെ മുൻപിൽചെന്ന് പെടാതെ പല മുറികളിലായി മാറി മാറി ഒളിച്ചു നടന്നു. ആ കാലങ്ങളിൽ നല്ല വീട്ടിലെ പിള്ളേർ ചന്തയിൽ പോകില്ലായിരുന്നു പോലും! മോശമാണത്രെ. ഏതാണാവോ ഈ നല്ല വീടീ! ഇതാർക്കറിയാം. എന്നാലും അപ്പൻ ഇതെങ്ങനെ അറിഞ്ഞു? കണ്ടുകാണുമോ? ആരെങ്കിലും പറഞ്ഞു കൊടുത്തതായിരിക്കുമോ?

എന്തായാലും ഒന്ന് രണ്ടു പാഠങ്ങൾ ഞാൻ പഠിച്ചു, അഥവാ എന്നെ പഠിപ്പിച്ചു. ആർക്കു എന്ത് ഉപകാരം ചെയ്താലും "അടി" ഉറപ്പാണ്. നേരിട്ടല്ലെങ്കിൽ 'പാര' വഴി. തീർച്ച. പക്ഷെ ഒരു തല്ലിന് ഒരു തലോടൽ പ്രതീക്ഷിക്കാം. അത് ദൈവത്തിന്റെ നീതി. അതുകൊണ്ടു നന്ദികെട്ട, വേദനിപ്പിക്കുന്ന തിരിച്ചടികൾ കാര്യമാക്കേണ്ട. നല്ലതു ചിന്തിക്കുക, നല്ലതു മാത്രം ചെയ്തുകൊണ്ടിരിക്കുക. ശുഭം!



കവിത

കുരുതിഭൂമിക

ഡോ. പി.പി. കുഞ്ഞിരാമൻ

ഭാർഗവരാമൻ തീർത്ത
പുണ്യഭൂമികേ കേഴൂ
പാഷാണക്കറമൂടി,
ഇടറും കാൽവെപ്പിലും
കണ്ണീർക്കയങ്ങളിൽ ജീവരേണുക്കൾപൊലിയും
ഹരിതവസുന്ധരേ
പിഴച്ചോ രാശിക്രമം ?

പണ്ടെങ്ങുംകണ്ടില്ലല്ലോ,
മുമ്പെങ്ങും കേട്ടില്ലല്ലോ
ദാരുണമിതുപോലെ,
കിരാതദുര്യോഗങ്ങൾ!
പകലില്ലിരവില്ലാതിടിവെട്ടും
പോൽകേൾക്കാം
വാവിട്ടുനെഞ്ചിൽത്തട്ടും
നൊമ്പരക്കഥനങ്ങൾ !

കത്തുന്നസൂര്യൻമീതെ ,
തെരുവിലാരാച്ചാർമാർ
കുത്തിവലിച്ചിട്ട
രുധിരക്കുടൽമാലകൾ,
ഉയിരറ്റകബന്ധങ്ങ
ളറ്റുകൈകാലുകൾ
നെഞ്ചാഴംതുളഞ്ഞേറ്റ
മാരകത്രിശൂലങ്ങൾ!

ബോംബുകൾവർഷിക്കുന്നോൻ
നാട്ടിൽ, നഗരങ്ങളിൽ
കുന്തവുംകഠാരിയു
മന്യോന്യം പോരാടുന്നോൻ !
പണ്ടിവിടെ വീശിയ
കാറ്റിൽ പാലപ്പൂ മണം
ജീവവായുവിലിന്നോ
ചെഞ്ചോരക്കറമണം !

കൃമികീടങ്ങൾപോലെ
ചത്തൊടുങ്ങുന്നോൻ ജനം
എന്തീനികൃഷ്ഠമീവർത്തമാനത്തിന്നിരുൾമുഖം ?
രാമസങ്കീർത്തനം
കേട്ടഗ്രാമ്യശ്ലോണസ്സന്ധ്യ
മനുഷ്യക്കുരുതിക്കാ
യരിവാളണക്കുന്നോൻ !

വാൽസല്ല്യവാക്കും നോക്കും പേലവസ്വരംപോലും
സാന്ത്വനമന്ത്രങ്ങളാ
യുരുവിട്ട നാട്ടിൻപുറം
യക്ഷികളുറയുന്ന
പട്ടടത്തീരങ്ങളായ്
പ്രേതങ്ങൾ വലംവെക്കും ചുടലത്തീക്കുണ്ഡമായ് !



തിരുനാമങ്ങൾവീണ
ശ്രീകോവിൽ തിരുമുറ്റം
കബന്ധംപിടയുന്ന
കുരുതിക്കൂമ്പാരമായ് !
മതങ്ങൾ തോളാൽചേർന്നു പാടിയൊരോണപ്പാട്ടി
ന്നീണം,വെറുംദുസ്വപ്ന ദർശന, മർത്ഥശൂന്യം !

പണ്ടിവിടെക്കേട്ട
ശാന്തിമന്ത്രാക്ഷരമേളം
ചരമഗീതങ്ങളായ്
മാറ്റൊലികൊള്ളുന്നിടം
കിരാതക്കഴുകൻമാർ
പിച്ചിയ കരൾപേറി
ജീവച്ഛവമായിന്നും
പിടയുന്നവരേറെ!

കയ്യൂക്കുള്ളവർകൊയ്ത
നീതിതൻ ശിരസ്സുകൾ
വീഭൽസരൂപം നേടി
താണ്ഡവമാടുന്നിടം
നീതിപീഠങ്ങൾപോലും
നീതിക്കായ് കേഴുന്നിടം.
ഉള്ളവനില്ലാതോനെ ഞെരിച്ചുകൊല്ലുംകാലം

ആരുടെനിണംചീന്തി
കുതിർന്നമണ്ണാകിലും
ആരുടെ കണ്ണീർധാര
യുതിർന്ന നാടാകിലും
ഇക്കാറ്റിൻഗതിവേഗം
നാമിപ്പോൾ കണ്ടില്ലെങ്കിൽ
നാളെയീ ധരാതലം
പ്രേതഭൂമികയാവാം..!
ആയിരം ഫണമുള്ള
നന്തൻമാർ വാഴും ദേശം
ഉഗ്രവിഷമാണെങ്ങും
ദൈവം മരിച്ചൂ, പണ്ടേ !

ഭാർഗവരാമൻതീർത്ത 'ദൈവത്തിൻസ്വന്തംനാട്ടിൽ'
ജീവനും സ്വത്തിനുമില്ലാ
സുരക്ഷാ കവചങ്ങൾ !
ഭാർഗവരാമാ, രാമാ
ഉയിരാർന്നുണരുമോ,
നവ്യ കേരളം തീർക്കാൻ
വെൺമഴു മറക്കല്ലേ!

പയ്യൻസിന്റെ കുറുപ്പ്

ഡോ. സംഗീത രാജഗോപാൽ

ഒന്നാം അധ്യായം

സ്കൂളിൽ പോകേണ്ട എന്നു അറിഞ്ഞുകൊണ്ടുതന്നെ രാവിലെ എഴുന്നേറ്റു വരുന്ന ഏഴു വയസ്സുകാരന്റെ. ചോദ്യം ഉയരുന്നു ' അമ്മ ഇന്നു ലീവ് ആണോ ?
അമ്മ 'അതെ ?'
ഉടനെ പയ്യൻസ് ' ഇന്ന് അമ്മ തന്നെ പല്ല് തേപ്പിക്കണം. അമ്മക്ക് ലീവ് അല്ലേ. അമ്മ ലീവ് അല്ലാത്ത ദിവസം ഞാൻ സ്വന്തം തേച്ചോളാം.'
പ്രഖ്യാപിച്ചിരിക്കുന്നു.
അമ്മ ' അടിയൻ'. എന്ന് മനസ്സിൽ മന്ത്രിച്ചു.
സ്വന്തം അമ്മയ്ക്ക് കൊടുത്ത മുട്ടൻ പണികൾ ഓർത്തുംകൊണ്ടുതന്നെ ഈ അമ്മ കൃത്യാർത്ഥതയോടെ അനുസരിച്ചു.

ഗുണപാഠം ഒന്ന് : വിതച്ചതേ കൊയ്യൂ.

രണ്ടാം അധ്യായം

ഓൺലൈൻ ക്ലാസുകൾ തകൃതിയായി പുരോഗതി കൈവരിച്ചു കൊണ്ടിരിക്കുന്നു. കൂടാതെ വാട്സപ്പ് വീഡിയോ പഠനവുമായി താദാത്മ്യം പ്രാപിച്ച് അമ്മ ഓരോ ക്ലാസ്സും കിതച്ചെത്താൻ ശ്രമിക്കുന്നതിനിടയിൽ, അമ്മ പാഠപുസ്തകം തുറന്നു പഠിപ്പിക്കുകയാണ്. കയ്യിൽ ഫോണും തുറന്നു വെച്ചിട്ടുണ്ട്. എല്ലാം തികഞ്ഞ ഒരു അധ്യാപികയെ പോലെ അമ്മ പഠിപ്പിക്കാൻ ശ്രമിക്കുകയാണ്.
പയ്യൻസ്സ് വീണ്ടും 'അമ്മ ഫോണിൽ കുത്തികൊണ്ടെയിരുന്ന് സുഖിക്യ അല്ലേ? എനിക്ക് ഇതെല്ലാം എഴുതാൻ എന്ത് ബുദ്ധിമുട്ടാണെന്ന് അറിയോ?' ഇത് കേട്ട അധ്യാപിക ഫോൺ മാറ്റിവെച്ച് പുസ്തകത്തിൽ മാത്രം കേന്ദ്രീകരിച്ചു. പഠിപ്പിക്കുന്നതിനിടയിൽ പയ്യൻസ് 'അമ്മ, ഇവിടെ കാലിൽ ഒന്ന് ചൊറിഞ്ഞു താ ! '
അമ്മ 'നീ ടീച്ചറോട് ക്ലാസ് എടുക്കുമ്പോൾ ചൊറിഞ്ഞു താ എന്നു പറയാറുണ്ടോ ?'

അമ്മയുടെ ക്ഷമയുടെ നെല്ലിപലകയിൽ വിള്ളൽ വീണു തുടങ്ങിയിരിക്കുന്നു.
ഉടനെ പയ്യൻസ് ' അതിനു അമ്മ ശരിക്കുമുള്ള ടീച്ചറ് ഒന്നുമല്ലല്ലോ? പിന്നെന്താ?'.

ഗുണപാഠം രണ്ട് : ഓരോരുത്തർക്കും ജീവിതത്തിൽ ഓരോ സ്ഥാനമുണ്ട് .

മൂന്നാം അദ്ധ്യായം

ഒരു ഞായറാഴ്ച രാവിലെ ബാൽക്കണിയിൽ അച്ഛന്റെ കൂടെയിരുന്നുള്ള പയ്യൻസ്സിന്റെ കിന്നാരത്തിനിടയിൽ മുറ്റത്തെ മുൻവശത്തെ കാടുകളിലൂടെ ഒരു പാമ്പ് ഇഴഞ്ഞുപോയി.
അച്ഛൻ 'വിഷമുള്ളത് വല്ലതും ആയിരിക്കുവോ? സൂക്ഷിക്കണം.'
പയ്യൻസ് 'ഈ പാമ്പുകൾക്ക് മാത്രമെന്താ വിഷം? മനുഷ്യന്മാർക്കെന്താ വിഷമില്ലാത്തെ? മനുഷ്യൻമാരുടെ മനസ്സിലാ വിഷമെന്ന് അമ്മ മനസിൽ പിറുപിറുത്തു.

ഗുണപാഠം മൂന്ന് : മൃഗങ്ങളെ മനുഷ്യരുമായി താരതമ്യം ചെയ്യരുത് (പ്രത്യേകിച്ചും ഈ സാഹചര്യത്തിൽ)



നാലാം അദ്ധ്യായം

ക്ലാസ്സുകളിൽ ആക്ടിവിറ്റികളുടെ പ്രളയമാണ്. ഒരു വൈകുന്നേരം കളികഴിഞ്ഞ് വരുമ്പോൾ പയ്യൻസ്സ് കയ്യിൽ ഒരു പൂമ്പാറ്റയെ പിടിച്ചുക്കൊണ്ടുവന്നിരിക്കുന്നു.
അമ്മ 'എന്തിനാ അതിനെ പിടിച്ചുക്കൊണ്ടു വന്നെ ?
പയ്യൻസ്സ് 'പൂമ്പാറ്റ വീട്ടിനുള്ളിൽ മുട്ടയിടണം ലാർവ ആവണം പൂഷ ആവണം പിന്നെ ബട്ടർഫ്ളൈ ആവണം. എനിക്ക് അതിന്റെ ലൈഫ് സൈക്കിൾ കാണണം. പയ്യൻസ്സ് അതിനെ ഒരു പാത്രത്തിൽ നിക്ഷേപിച്ച് ഒരു പൂവും അതിലേക്ക് ഇട്ടുകൊടുത്തു.

പതിവായി അതിൽ പൂമ്പാറ്റ മുട്ടയിട്ടിട്ടുണ്ടോ എന്ന് ആകാംഷയോടെ പയ്യൻസ് നിരീക്ഷിച്ചു. സങ്കടത്തോടെയും ദേഷ്യത്തോടെയും അവർ പരാതിപ്പെട്ടു. അങ്ങനെ രണ്ടു മൂന്നു ദിവസത്തിനുള്ളിൽ പൂമ്പാറ്റ വിടവാങ്ങി. പയ്യൻസ് ആകെ ബേജാറിലും, അമ്മയുടെ പിന്നാലെയായി പയ്യൻസ്. അമ്മേ, പൂമ്പാറ്റ എന്താ മുട്ട ഇടാഞ്ഞെ?'
അമ്മ 'പൂമ്പാറ്റയെ കൂട്ടിലടച്ചാൽ അത് മുട്ടയുമിടില്ല ചത്തും പോവും. പ്രകൃതിയാണ് അതിന്റെ വീട്. അവിടെ മാത്രമേ അതിനു ലൈഫ് സൈക്കിൾ ഉള്ളൂ. മനസ്സിലായോ?'
പയ്യൻസ 'മ്മ്മ്.'

ഗുണപാഠം നാല് : പ്രകൃതിയെ പ്രകൃതിക്ക് തന്നെ വിടൂ.



അഞ്ചാം അദ്ധ്യായം

ഓൺലൈൻ ജി.കെ ക്ലാസ് പരീക്ഷയ്ക്ക് വേണ്ടി കാര്യമായി തയ്യാറെടുത്തുകൊണ്ടിരിക്കുകയാണ് അമ്മയും പയ്യൻസും. ഇന്ത്യയുടെ സ്വാതന്ത്ര്യദിനം ആഗസ്റ്റ് പതിനഞ്ച് 1947 എന്ന് പലതവണ അമ്മ വായിപ്പിച്ചു കേൾപ്പിച്ചു.
പയ്യൻസ് വിട്ടുക്കൊടുക്കാൻ ഉദ്ദേശിച്ചിട്ടില്ല.
'അമ്മ, ഈ സ്വാതന്ത്ര്യം എന്നു വെച്ചാൽ എന്താ?'
അമ്മ വിശദീകരിച്ചു' സ്വാതന്ത്ര്യം എന്ന് വെച്ചാൽ ഫ്രീഡം. അതായത് ഇംഗ്ലീഷുകാരാണ് നമ്മുടെ നാട്ടിൽ കുറേ കാലം വെറുതെ താമസിച്ചത്. ഈ തിയതിയിലാണ് ഇന്ത്യക്കാർ അവരെ പുറത്താക്കിയത്. ഇന്ത്യക്കാർ അന്നുമുതൽ ഫ്രീ ആയി.

പയ്യൻസ്സിന്റെ മുഖം കറുത്തു.' എന്ത് ! പുറത്താക്കിയെന്നോ? 'അപ്പോൾ നമ്മൾ അവരുടെ നാട്ടിൽ പോയാൽ അവർ നമ്മളെയും പുറത്താക്കില്ലേ?

ഗുണപാഠം അഞ്ച് : വില്ല്യം വെർഡ്സ് വെർത്തിന്റെ സുപ്രസിദ്ധമായ പദ്യത്തിലെ വരികൾ-ചൈൽഡ് ഇസ് ഫാദർ ഓഫ് ദ മാൻ എന്നും ഓർക്കുക.

ആറാം അധ്യായം

തുടർന്നുകൊണ്ടെയിരിക്കും. .....

പനിക്കാലം

ഡോ. ജയദേവൻ

എന്റെ കുട്ടിക്കാലത്തും പനിക്കാലങ്ങളുായിരുന്നു. എതാണ്ട് ആറുപതിറ്റാണ്ടി നപ്പുറം. 1955–1970 കാലഘട്ടം. അന്നാരും പനിയെ അത്ര കാര്യമാക്കിയിരുന്നില്ല. ഗ്രീക്ക് ഇതിഹാസഹങ്ങളിലെ കഥാപാത്രങ്ങളെ ഓർമിപ്പിക്കുന്ന പേരുകളിട്ട് ആരും നമ്മളെ പേടിപ്പിച്ചിരുന്നില്ല. ആകെയുള്ള അച്ചടി മാധ്യമങ്ങളിൽ എപ്പോഴെങ്കിലും "പനിപടരുന്നു" എന്നോ മറ്റോ ഒരു ചെറുവാർത്ത അകത്താളുകളിലെ മൂലയിലെങ്ങാനും കണ്ടാലായി! ചില സന്ദർഭങ്ങളിൽ പനി മൂലം ക്ലാസ്സിലെ മൂന്നിലൊന്ന് കുട്ടികൾ വരെ ഹാജരുണ്ടായിരുന്നില്ല. ആദ്യഘട്ടത്തിൽ വീട്ടിൽത്തന്നെയാണു ചികിത്സ. കുരുമുളക്, ചുക്ക്, കാപ്പിപ്പൊടി, കരുപ്പെട്ടി, തുളസിയില, മുതലായവയിട്ട് തിളപ്പിച്ച കഷായം രണ്ടൗൺസ് വീതം മൂന്നു നേരം കുടിപ്പിക്കും. തിളച്ച കഷായത്തിൽ നിന്നുള്ള ആവി ശ്വസിക്കുകയും ചെയ്യാം. മൂന്നു നാലുദിവസം കഴിയുമ്പോഴേക്കും മൂക്കൊലിപ്പ്, പനി, തൊണ്ടവേദന, ദേഹം വേദനയൊക്കെ മാറിയിരിക്കും. ഇതുകൊണ്ട് കുറഞ്ഞില്ലെങ്കിൽ മാത്രമേ ഡോക്ടറെ സമീപിച്ചിരുന്നുള്ളൂ. ഞങ്ങൾ തിരുവനന്തപുരത്തുകാരുടെ പ്രധാന ആതുരാലയങ്ങൾ ജനറൽ ആശുപത്രിയും, ഉള്ളൂർ മെഡിക്കൽ കോളേജുമായിരുന്നു. സ്വകാര്യ ആശുപത്രികൾ വിരളം. ഡോ. ബാലകൃഷ്ണപിള്ളയായിരുന്നു ഞങ്ങളുടെ കുടുംബ ഡോക്ടർ. സെക്രട്ടേറിയേറ്റിനു മുൻപിൽ ദിവാന്റെ പ്രതിമയുടെ പിൻവശത്തുകൂടെ പടിഞ്ഞാറോട്ടു പോകുന്ന റോഡിൽ വലതുവശത്തായിരുന്നു ഡോക്ടറുടെ ക്ലിനിക്ക്.

കൃത്യം രാവിലെ ഒമ്പതുമണിക്കുതന്നെ ഡോക്ടർ തന്റെ ഇളം പച്ച മോറിസ് മൈനർ കാറിൽ ക്ലിനിക്കിലെത്തും. തുടച്ചു മിനുക്കിയ അത്തരമൊരു കാർ ജീവിതത്തിൽ എന്നെങ്കിലും സ്വന്തമാക്കാൻ കഴിയുമോ എന്നായിരുന്നു പനിയുടെ അസ്വാസ്ഥങ്ങൾക്കിടയിലും എന്റെ ചിന്ത.

രോഗികളെ ഓരോരുത്തരെയായി പരിശോധിച്ച്, വൃത്തിയായി മുറിച്ചുവെച്ചിരിക്കുന്ന ചെറു കടലാസുകഷ്ണത്തിൽ അദ്ദേഹം എന്തെ ാ ക്കെയോ കുത്തിക്കുറിച്ചു തരും. ഡോക്ടർക്ക് ഫീസൊന്നും കൊടുക്കേണ്ട. കടലാസു കഷ്ണം ഫാർമസിയിലെ കമ്പൗണ്ടർ എടുത്തു കൊണ്ടുപോയി, വന്ന മുറയ്ക്കനുസരിച്ച് വിളിക്കും. അപ്പോൾ കുപ്പി കൊടുക്കണം. ആറൗൺസ്, പന്ത്രണ്ടൗൺസ്, എന്നിങ്ങനെ സ്ഫടികക്കുപ്പികൾ കോർക്ക് അടപ്പോടെ വാങ്ങാൻ കിട്ടും. കമ്പൗണ്ടർ കുറിപ്പിലുള്ള പ്രകാരം ചില പൊടികൾ ചെറിയ ഒരു ത്രാസിൽ അളന്ന് കുപ്പിയിലേക്കിടും. പിന്നെ മഞ്ഞ, ചുവപ്പ് തുടങ്ങിയ നിറത്തിലുള്ള ദ്രാവകങ്ങൾ ഒരളവു പാത്രത്തിൽ പകർന്ന് കുപ്പിയിലേക്കൊഴിക്കും. ഒടുവിൽ കുപ്പിനിറയാനുള്ള വെള്ളമൊഴിച്ച്, സർബത്ത് കച്ചവടക്കാരനേപ്പോലെ നാലു കുലുക്കു കുലുക്കി കയ്യിൽത്തരും. അതിന് കുട്ടികൾ 75 പൈസ, വലിയവർക്ക് ഒന്നര രൂപ എന്നിങ്ങനെ കൊടുക്കണം. ഗുളികകൾ അപൂർവ്വം. ആന്റിബയോട്ടിക്കോ മറ്റോ അത്യാവശ്യമുണ്ടെങ്കിൽ മാത്രം പുറത്തേക്ക് കുറിച്ചുതരും. രണ്ടു മൂന്നു ദിവസം മരുന്നു കഴിക്കുമ്പോഴേക്കും പനി പമ്പകടക്കും (പിന്നീട് വർഷങ്ങൾക്കുശേഷം ഫാർമക്കോളജി പഠിക്കുമ്പോഴാണ് ആ കമ്പൗണ്ടറുടെ മായാജാലത്തിൽ രൂപപ്പെടുന്ന 'മിക്സചറുകൾ' എന്തെന്ന് മനസ്സിലായത്!)

ഇന്ന് പനിക്കാലവും ആഘോഷിക്കപ്പെടുന്നു. ദൃശ്യ, ശ്രാവ്യ മാധ്യമങ്ങളെല്ലാം മത്സരിച്ച് പനിക്കണക്കുകൾ പ്രസിദ്ധീകരിച്ച് ജനങ്ങളെ വിഡ്ഢികളാക്കുന്നു. പനിപിടിച്ചവൻ "ഞാൻ കൊറോണ വിർജിൻ അല്ലാണ്ടായി" എന്നും മറ്റും മുഖപുസ്തകത്തിലും, ആപ്പുകളിലും, പത്മഭൂഷണോ, കീർത്തി ചക്രയോ ലഭിച്ച സന്തോഷത്തോടെ കോളിനോസ് പുഞ്ചിരിയുമായി, പോസ്റ്റ് ചെയ്യും. അഞ്ഞൂറു ലൈക്കും നൂറും കമന്റും കാണുന്നതോടെ വൈറസ് പേടിച്ച് സ്ഥലം കാലിയാക്കും. വല്ലാത്തൊരു പനിക്കാലം!

സ്മരണാഞ്ജലി



ഡോ. സുമിത്ര. കെ. ജി
സീനിയർ കൺസൾട്ടന്റ്,
ജില്ലാ ആശുപത്രി, പാലക്കാട്.

ഒരു നക്ഷത്രം പൊലിഞ്ഞു
താരാംബരം ശോകാർദ്രമായ്
ഒരു തിരിവെട്ടം അണഞ്ഞു
പാരിടമാകെ ഇരുളാർന്നു
ഒരു പൂവ് പൊഴിഞ്ഞു
പൂഞ്ചില്ലകൾ ദുഃഖാർദ്രരായ്
ഒരില കൂടി കൊഴിഞ്ഞു
കാറ്റിൽ ചിറകേറി സ്വർഗ്ഗം പൂകി
സൗമ്യമാം സാന്നിദ്ധ്യത്തിന്
ഹൃദ്യമാം ചിരിമൊഴികൾക്ക്
കടലാഴം സ്നേഹത്തിന്
തണലേകിയ സൗഹൃദത്തിന്
പ്രിയതരമാം സ്മരണകൾക്ക്
നിർമ്മലമാം മാനസത്തിന്
ബാഷ്പാഞ്ജലികൾ

ഡോ. ജയശ്രീ. ഐ
കൊല്ലം.





ഡോ. ലതിക

മിന്നും മിന്നാമിന്നി പോൽ കീശയി-
ലിന്നലെ കൂടിയ ജിന്നാണ് കൂട്ടരേ!
മായികമേതോ കാന്തവീചി തൻ
മന്ത്രജാലത്താലുണർന്ന കിന്നരൻ!

ഉലകമത്രയുമൊതുക്കുവാൻ പോന്ന
വലയെറിയുവാൻ മിടുക്കനാണവൻ;
പഴയ ചങ്ങാതിക്കുമതിൽ പരതിയാൽ
പുതിയ പേച്ചുകൾ, പുത്തൻ വിലാസവും!

തിളങ്ങിടും മുഖപുസ്തക താരങ്ങൾ
തീർക്കയാണവനിലാകാശഗംഗകൾ;
വളരെ വലുതെന്ന് തോന്നിക്കുമാറവർ
വരയും ചിത്രങ്ങളെത്രമേൽ മായികം!

സുപ്രഭാതങ്ങളിൽ, മൃദുഭാഷണങ്ങളിൽ,
സ്വയമുതിർക്കും കരഘോഷമേളയിൽ,
അലകളിൽ വെൺനുരകളെന്ന പോൽ
അലിയുമീ വാഴ്വിനസഹ്യ ലാഘവം...

വിരൽത്തുമ്പിലെ വിഭ്രമങ്ങളിൽ,
വിടരും ക്ഷണിക കൗതുകങ്ങളിൽ,
നവരസമാടുംപല പൊയ്മുഖങ്ങളായ്
അവനിലവിരാമമൊഴുകട്ടെ ജീവിതം!

കുടി

(RIO യിലെ പുതിയ ഏഴു നില കെട്ടിടത്തിലെ
Unit Chief മുറിയിലെ ഹ്രസ്വ വാസം
ഒരു കവിതയ്ക്കു നിമിത്തമായി . ആ മുറിയിൽ
എനിക്കു മുമ്പേ താമസമാക്കിയ, ഇറങ്ങിത്തരാൻ
കൂട്ടാക്കാത്ത ആ സുന്ദരിക്ക് ഈ കവിത സമർപ്പിതം)

ഡോ. ബിജു ജോൺ. സി.

പട്ടണ മദ്ധ്യത്തിൽ പുത്തൻ സൗധത്തിൽ
ഭാഗ്യമെനിക്കുമൊരു കൊച്ചു മുറി
പുത്തനുണർവുമായ് പുതിയൊരുഷസ്സിൻ
പുത്തനറയിൽ ഞാനാഗതനായ്

വരവേൽക്കുവാനായെത്തീ മാരുതൻ
അജ്ഞാതമേതോ ഗന്ധവും പേറി
സ്വാഗതമോതാനായെത്തിയെവിടുന്നോ
ശാന്തി പരത്തുമൊരജ്ഞാത ശബ്ദവും

ഓംകാര നാദ സുഭഗത തിങ്ങുമാ
ഓമൽ സ്വനം തേടി ഞാനുലാവി
ഓമനപ്രാവൊന്നു കൂടു വെച്ചിട്ടുണ്ട്
ശൗചാലയത്തിലെ ജാലകപ്പടിയിൽ

മാടപ്രാവിനോടൊപ്പമാ മേടയിൽ
മോദമോടങ്ങു കൂടി ഞാനും
കള്ളി പ്രാവിന്റെ ഗന്ധവും പേറി
മാരുതനെത്തുമാ മുറിയിൽ

ഒന്നിച്ചു ഞങ്ങളിരിക്കുമവിടെ
ന്നിട്ടനയ്നോന്യം ചുമ്മാ പഴി പറയും
സന്ധിക്കും ഞങ്ങളാ ശൗചാലയത്തിൽ
ശണ്ഠയിട്ടങ്ങനെ നിൽക്കും

എന്നന്തരംഗമാം ഭൂമിക മുഴുവനാ
പ്രാവിൻ ചിലപ്പുകൾ കൈയടക്കി
ഒന്നല്ല ജീവൻ വിടങ്കത്തിനുള്ളിലാ
യമ്മയെ പറ്റി രണ്ടോമൻ കുരുന്നുകൾ

കുറുകുറു നാദവും പല പല കളികളും
ശിക്ഷണ ഭക്ഷണ കേളികളും
സമയ സ്യന്ദന സംയാന വേഗത്തിൽ
ചായങ്ങൾ മാറി പുതു ചമയങ്ങളെത്തി

ഒരു ദിനം കണ്ടു ഞാനാകാശ സീമയെ
പുൽകി പറക്കുമാ പ്രാവിൻ കുടുംബത്തെ
ബാക്കിയായവിടെയെൻ ജാലകപ്പടിയിന്മേലാ
ചെറു കിളിക്കൂട് .... ഗതമൗക്തിക ശുക്തി

വന്നില്ല കപോതങ്ങൾ പിന്നൊരിക്കലുമാ
ചേണറ്റ വസ്ഥത്തെ തേടിയങ്ങോട്ടേക്ക്
ഞാണറ്റ പട്ടത്തെപ്പോലെൻ ചിന്തകൾ
വേരറ്റുയർന്നു മനസ്സിൻ വിഹായസ്സിൽ

മക്കളെ പോറ്റുവാൻ മാത്രമായ് തീർത്തോ
നീയിത്രമേൽ പാടു പെട്ടീ ചെറു ഗേഹം
യാത്ര പറഞ്ഞവർ പോയിടുമ്പോൾ പ്രാവേ
യാത്ര പറയുന്നതെന്തിനു നീയും

മക്കൾക്കു വേണ്ടി പണിയുന്നു വിശാല
വിസ്തൃത ഗേഹങ്ങൾ മാനവരും
വിസ്മയ പച്ചകൾ തേടിയാ സൂനുക്കൾ
സ്മരണകൾ ബാക്കിയാക്കി പറക്കുമ്പോൾ

സ്മൃതികളും ശ്രുതികളുമായവർ മേവുന്നു
സാരമേയം കണക്കെ വീട്ടിനു കാവലായ്
സാരം ഗ്രഹിക്കുവാൻ സാധിക്കാതെയെൻ
സാധുമനമിതാ വീണ്ടും കലമ്പുന്നു

വിട വാങ്ങും നേരം വിട ചൊല്ലണമീ
വികട വിക്ലിന്ന വിടങ്കത്തിനോടും
വിയമത്തിൽ സമയം നിയതമാകുമ്പോൾ
വിഷമമാവില്ലേയീ വസതിയിൽ വിസ്തോരം

ചിന്തയ്ക്കൊരന്തം വരുത്തുവാനെത്തി തെല്ലും
ചന്തമില്ലാത്തൊരു സന്ദേശ പത്രിക
മാറ്റമാണെനിക്കുമിനി ചൊല്ലിടാം യാത്ര
മാത്രനേരത്തിലീ മുറിയോടെനിക്കും

ടിപ്പണി

സ്യന്ദനം : തേര്
സംയാനം: നേരായ മാർഗത്തിലൂടെയുള്ള സഞ്ചാരം; ഗമനം, വിടങ്കം
പ്രാക്കൂടുണ്ട്, പ്രാഷ്ലക, പക്ഷിക്കൂടുണ്ട്
ഗതമൗക്തിക ശുക്തി= മുത്തു പോയ മുത്തുച്ചിപ്പി
വസ്ഥം: വാസസ്ഥാനം; കൂടുണ്ട്, പക്ഷിക്കൂടുണ്ട്
സൂനുക്കൾ : മക്കൾ
സാരമേയം : നായ
വികട : വിരൂപമായ, വിലക്ഷണമായ;അഹങ്കാരമുള്ള
വിക്ലിന്ന: വി. വാടിയ ; ജീർണിച്ച

വിയമം: പരപീഡാദിപാപങ്ങളൊന്നും ചെയ്യാതെ സ്വസ്ഥമായിരിക്കുക. അടങ്ങുക എന്നർത്ഥം
സുഖക്കേടുണ്ട്, വേദന, ദുഃഖം

എഴുതാത്ത ആത്മകഥയിൽ നിന്നും

പ്ലാസെബോ അഥവാ മൻ ചംഗാ തോ കഠോത്തി മേം ഗംഗ

ഡോ. ആർ.ആർ.വർമ്മ

1979 – 81 ൽ ഞാൻ അഹമദാബാദിലെ ബി.ജെ.മെഡിക്കൽ കോളേജിൽ ഡി.ഒ. ചെയ്യുകയായിരുന്നു. അന്ന് ഏഷ്യയിലെ ഏറ്റവും വലിയ ആശുപത്രി സമുച്ചയം എന്ന് പറയപ്പെട്ടിരുന്ന സിവിൽ ഹോസ്പിറ്റിലിന്റെ രണ്ട് ബ്ലോക്കുകളിലായി എം.ആന്റ് ജെ. (മനെക്‌ലാൽ ആന്റ് ജാംഷെഡ്ജി ഉജാംഷി മുൽജി) ഇൻസ്റ്റിറ്റൂട്ട് ഓഫ് ഒഫ്താൽമോളൊജി പരന്നു കിടന്നു. അഞ്ച് യൂണിറ്റുകൾ. എച്ച്.ഓ.ഡി. ഡോ. ആർ.എൻ മാഥൂർ. കഥ നടക്കുമ്പോൾ ഞാൻ അദ്ദേഹത്തിന്റെ യൂണിറ്റിൽ ആയിരുന്നു. അസ്സോഷ്യേറ്റ് പ്രൊഫസ്സറും അസ്സിസ്റ്റന്റ് പ്രൊഫസ്സറും റ്റ്യൂട്ടർമാരും. (എന്റേയും മാഥൂർ സാബിന്റേയും ഒഴിച്ചുള്ളവരുടെ പേരുകൾ ഞാൻ മാറ്റുന്നു. കാരണം അവർ ഇന്നും ജിവിച്ചിരിക്കുന്നവരും കേരളത്തിൽ പരിചയക്കാർ ഉള്ളവരും ആണ്).

എല്ലാ സ്ഥലങ്ങളിലെയും പോലെ ഓ.പി.ദിവസങ്ങളിൽ ഒരു പതിനൊന്നര ആകുമ്പോൾ തിരക്ക് ഇത്തിരി കുറയും. കോഫീക്ലബ്ബിൽ പോയി ഒന്നാംതരം ചായയോ മഹാമോശമായ കാപ്പിയോ കുടിക്കാനുള്ള സമയം ആണത്. ഒ.പി. ഇല്ലാത്ത ബാക്കി യൂണിറ്റുകാരും കാണും. ഇത്തിരി പരദൂഷണം പറയാനും പഞ്ചാര അടിക്കേണ്ടവർക്ക് അങ്ങിനെ ചെയ്യാനും സമയമുണ്ടാകും. അങ്ങിനെ ഒരു ദിവസം ഞാൻ കോഫീക്ലബ്ബിൽ ഇരുന്ന് എന്തോ ഫോം പൂരിപ്പിക്കുക യായിരുന്നു. സന്ദർഭവശാൽ എന്റെ അച്ഛന്റെ പേര് കൃഷ്ണൻ നമ്പൂതിരി എന്നാണെന്ന് ആരോ വായിച്ചു. കുറച്ച് കാലം വെല്ലൂർ സി.എം.സി.യിൽ ആയിരുന്ന മാഥൂർ സാബിന് മലയാളികളെപറ്റി സാമാന്യബോധം ഉണ്ടായിരുന്നു. നമ്പൂതിരി എന്നാൽ ഏറ്റവും വിശിഷ്ടനായ, മന്ത്രസിദ്ധനായ ബ്രാഹ്മ ണൻ ആണെന്നും ഗുജറാത്തിലെ 'ഔഡിച്ച്' ബ്രാഹ്മണരെ ക്കാൾ കേമന്മാരാണെന്നും അദ്ദേഹം പറഞ്ഞു. ഞാൻ നിഷേധിക്കാൻ പോയില്ല.

അന്ന് ഈവനിങ്ങ് ക്ലിനിക്സ് കഴിഞ്ഞപ്പോൾ ഞങ്ങളുടെ അസിസ്റ്റന്റ് പ്രൊഫസ്സർ പ്രസന്ന മാം (ഞങ്ങൾ പ്രസന്നബെൻ എന്ന് വിളിക്കും. ബെഹൻ ലോപിച്ച് ബെൻ) എന്നെ പിടികൂടി. അവർ പറഞ്ഞതിന്റെ അവസാനം എന്റെ മനസ്സിൽ ഒരു വെള്ളിടി വെട്ടി. കാര്യമെന്തെന്നോ? പ്രസന്നബെൻ ജാതിയിൽ ഇത്തിരി താന്ന ഒരു ആളെയാണ് വിപ്ലവാത്മകമായി (1970 കളുടെ അവസാനമായിരുന്നു എന്നോർക്കണം) വിവാഹം കഴിച്ചിരുന്നത്. പ്രദീപ് ഭായ്. അനസ്തീഷ്യയിലെ ഒരു അസോഷ്യേറ്റ് പ്രൊഫസ്സറും കൂടാതെ അതിസുന്ദരനും ആയിരുന്നു. (പ്രസന്നബെൻ തടി കൂടുന്നതിന് മുൻപ് ഒരു ശരാശരി സുന്ദരിയും) പ്രശ്നം എന്താന്നുവെച്ചാൽ അതിസുന്ദരൻ വേറൊരു അതിസുന്ദരി റ്റ്യൂട്ടറുമായി അടുപ്പത്തിലായിരിക്കുകയാണ്. ഒരു സിന്ധിപ്പെണ്ണ്.

മന്ത്രസിദ്ധിയുള്ള നമ്പൂതിരിയായ ഞാൻ മന്ത്രവാദത്താൽ അദ്ദേഹത്തെ തിരികെ കൊണ്ടുവരണം. കേരളത്തിലെ മാത്യദായ സമ്പ്രദായത്തെപറ്റി (മരുമക്കത്തായം) യാതൊരു അറിവും ഇല്ലാത്ത അവരുടെ കണ്ണിൽ ഞാനും ഒരു (മന്ത്രസിദ്ധനായ) നമ്പൂതിരി. മദ്രാസികളെപറ്റി നന്നായി അറിയാവുന്ന മാഥൂർ സാബ് പറഞ്ഞതല്ലേ? ഞാൻ ആകാവുന്ന മട്ടിലൊക്കെ പറഞ്ഞു നോക്കി. ഒരു രക്ഷയും ഇല്ല. മാത്രമല്ല. അവർ വേറൊരു മന്ത്രവാദിയുടെ അടുത്ത് പോയിരുന്നുവത്രെ. അദ്ദേഹം പറഞ്ഞത് സൂര്യഗ്രഹണദിവസം കർമ്മം ചെയ്താൽ ഫലം ഇരട്ടിക്കും എന്നാണ് പോലും. (1980 ൽ ഒരു സമ്പൂർണ്ണ സൂര്യഗ്രഹണം ഉണ്ടയത് ഒരൻപത്തഞ്ച് വയസ്സായവർക്കൊക്കെ ഓർമ്മ കാണും). ആകെ കുരുക്കായില്ലേ? അവസാനം എനിക്ക് സമ്മതിക്കേണ്ടിവന്നു. ഞാൻ ചില നിബന്ധനകളൊക്കെവച്ചു. ഞാൻ സാത്വിക മന്ത്രവാദമേ ചെയ്യൂ. (മാട്ടും മാരണവും ഒന്നും ഇല്ല എന്നർത്ഥം) ചൊവ്വാഴ്ചയും പഞ്ചമിതിഥിയും ചേരുന്ന ദിവസമേ സത്വിക കർമങ്ങൾ ചെയ്യാവൂ. ഇത്തിരി നീട്ടിക്കിട്ടാനും തയ്യാറെടുപ്പിനും ആയിരുന്നു അത്. കേട്ടോ.

എന്റെ അച്ഛന്റെ കസിൻ എ.ജീസ് ഓഫീസിൽ ജോലിയായി അഹമ്മദാബാദിൽ ഉണ്ടായിരുന്നു. ചെറിയമ്മയുടെ അടുക്കളയിൽ നിന്നും അരി/മഞ്ഞൾ പൊടികൾ, പൂജാമുറിയിൽ നിന്നും നിലവിളക്ക്, മണി, കൊടിവിളക്ക്, കർപ്പൂരം എന്നിവയൊക്കെ സംഘടിപ്പിച്ചു. പരികർമ്മിയായി അവരുടെ മകൻ പന്ത്രണ്ടാം ക്ലാസ്സിൽ പഠിക്കുന്ന ഉണ്ണിയും. (ട്വയ്ൻകൊണ്ട് ഒരു പൂണൂൽ ധരിപ്പിച്ചു). സംഗതി രഹസ്യം ആകണം അധികം ആളൊന്നും പാടില്ല എന്ന് പ്രസന്ന ബെന്നിനോടും ചട്ടം കെട്ടി. ഹോമം നടത്താൻ ചിരട്ട കിട്ടാത്തതിനാൽ കൽക്കരി; പിന്നെ, പൂവ്, ഭസ്മം, കുങ്കുമം ഒക്കെ സംഭരിച്ച് വക്കാനും പറഞ്ഞു. ക്വാർട്ടേഴ്സിൽ ഉള്ള മറ്റുരണ്ടു മലയാളി കുടുംബങ്ങളോട് ആ ഭാഗത്തേക്ക്

വരാതിരിക്കാനും അപേക്ഷിച്ചു. അങ്ങനെ ഹോമദിനം വന്നെത്തി.

ഞാനും പരികർമ്മിയും ഒരു നാലരയോടെ അവരുടെ ക്വാർട്ടേഴ്സിലെത്തിയപ്പോൾ സംഗതി കൈവിട്ടു പോയി എന്ന് മനസ്സിലായി. ജമന്തിപ്പൂക്കളും മാവിലകളും തോരണമായി വാതിൽക്കൽ. പ്രസന്നബെന്നിന്റെ മാതാപിതാക്കളും പിന്നെ വേറേ ഒരു മുഷ്ടി പേരും കാഴ്ച്ചക്കാർ. പൂജയ്ക്കുള്ള പൂവ് കണ്ടപ്പോൾ എന്റെ കണ്ണുതള്ളി. നമ്മുടെ നാട്ടിൽ സദ്യയ്ക്കൊക്കെ പപ്പടം കാച്ചി വയ്ക്കാറുള്ള തരം വലിയ കൊട്ടയിൽ കൂമ്പാരമായി. എന്തായാലും മുന്നോട്ടുവച്ച കാൽ പിന്നോട്ടെടുക്കരുതല്ലോ.

ഞാൻ കുളിമുറിയിൽ പോയി കാലും മുഖവും കഴുകി കയ്യിൽ കരുതിയിരുന്ന ഭസ്മം നനച്ച് നെടു നീളത്തിൽ കുറിയിട്ടു. ഡബിൾ മുണ്ട് നിവർത്തി തറ്റുടുത്തു. മഞ്ഞൾപ്പൊടിയും അരിപ്പൊടിയും കൊണ്ടു പറ്റുന്നപോലെ പദ്മം ഇട്ടു അതിന്റെ നടുവിൽ നിലവിളക്ക് വച്ച് കത്തിച്ചു. ഒരു അസ്ബെസ്റ്റോസ് ഷീറ്റിന്മേൽ ആറ് ഇഷ്ടികകൾ വച്ച് ഹോമകുണ്ഡം തയ്യാറാക്കി. അതിൽ കൽക്കരി നിറച്ചു. കുറച്ച് നേരം ധ്യാനിക്കുന്നതായി നടിച്ചു. കൃത്യം സൂര്യാസ്തമയസമയത്ത് ഹോമകുണ്ഡം ജ്വലിപ്പിക്കണം. ഇവിടെയാണ് പന്ത്രണ്ടാം ക്ലാസ്സിൽ പഠിച്ചിരുന്ന, കെമിസ്ട്രിയിൽ തത്പരനായിരുന്ന എന്റെ പരികർമ്മി സഹായിച്ചത്. പൊട്ടാസ്യം പെർമാംഗനേറ്റും ഗ്ലിസറിനും ചേർന്നാൽ തീയുണ്ടാകും. കൽക്കരിയുടെ ഏറ്റവും മുകളിൽ പരികർമ്മി പൊട്ടാസ്യം പെർമാംഗനേറ്റാണ് വച്ചത്. നെയ്യ് എന്ന വ്യാജേന ഗ്ലിസറിൻ ഒരു ചെറിയ പാത്രത്തിലും. കേരളത്തിൽ നിന്നുള്ള മന്ത്രവാദി 'അഗ്നിം പ്രോജ്ജ്വലയ' എന്നുപറഞ്ഞ് നെയ്യ് ആഹുതി ചെയ്തപ്പോൾ ഹോമകുണ്ഡത്തിൽ നിന്നുയർന്ന തീനാളങ്ങൾ കാണികളുടെ കണ്ണിൽ മാത്രമല്ല മനസ്സുകളിലും ആളിപ്പടർന്നിരിക്കണം. അവർ അങ്ങോട്ടുമിങ്ങോട്ടും നോക്കി അത്ഭുതം കൂറുന്നതും പിറുപിറുക്കുന്നതും മനസ്സിലായപ്പോൾ പരിപാടി വിജയിക്കും എന്നുറപ്പായി.

പിന്നെ തകൃതിയായ പൂജ. കുട്ടിക്കാലത്ത് സന്ധ്യാനാമത്തിനൊപ്പം ചൊല്ലാറുള്ള ശ്ലോകങ്ങളിൽ തുടങ്ങി. പിന്നെ അറിയാവുന്ന ശ്ലോകങ്ങൾ എല്ലാം. (പൂവ് ഒരു കൊട്ടയല്ലേ?) സംസ്കൃതശ്ലോകങ്ങൾ കഴിഞ്ഞപ്പോൾ മലയാളത്തിലേക്ക് കടന്നു. വള്ളത്തോളിന്റെയും ആശാന്റെയുമൊക്കെ ശ്ലോകങ്ങൾ ചൊല്ലി. ഒരു പിടി പൂവ് കയ്യിലെടുത്ത് 'ഹാ, പുഷ്പമേ അധികതുംഗ പദത്തിലെത്ര.' എന്നൊക്കെ ചൊല്ലി അർപ്പിക്കുമ്പോൾ കാണികളുടെ കണ്ണുകൾ ഭക്തിയാൽ കൂമ്പിപ്പോയതിൽ അത്ഭുതമുണ്ടോ? വേണ്ടസ്ഥലത്ത് മണിയടിച്ചും (കദളിപ്പഴം ഇല്ലാത്തതിനാൽ) റോബസ്റ്റ പഴവും തേനും പഞ്ചസാരയും ചേർത്ത തൃമധുരം നിവേദിച്ചും പൂജ ഒരു ഏഴുമണിക്ക് കാലംകൂടി. അവസാനം ഗംഭീര ദീപാരാധനയും ആകപ്പാടെ വലിയ കുഴപ്പമില്ലാതെ സംഗതി കഴിച്ചിലായി. അവസാനം പ്രസന്നബെന്നിന്റെ അച്ഛനമ്മമാരടക്കം എല്ലാ ജനവും വന്ന് കാൽ തൊടാൻ തുടങ്ങിയപ്പോൾ മാത്രം ആകെ ചമ്മി. പിന്നെ വേഷം കെട്ടിപ്പോയില്ലേ? ഗംഭീര ഭാവത്തിൽ എല്ലാവരുടെയും തലയിൽ പൂവ് തൂകി അനുഗ്രഹിച്ചു. പ്രസന്നബെന്നും കുടുംബവും ഭയങ്കര ഹാപ്പിയായി എന്ന് പറയേണ്ടതില്ല. എനിക്കും ഉണ്ണിക്കും കൂടി കിട്ടിയ ദക്ഷിണകൊണ്ട് ഉണ്ണിക്ക് ഒരു സൈക്കിൾ വാങ്ങിക്കൊടുത്തു എന്ന് പറഞ്ഞാൽ ആ സംതൃപ്തിയുടെ അളവ് ഏതാണ്ട് ഊഹിക്കാമല്ലൊ.

ഫലശ്രുതി: ഇനിയാണ് പ്ലാസെബോ ഇഫക്റ്റിന്റെ മായാജാലം. കാരണം, പിന്നെ സംഭവിച്ചത് മന്ത്രവാദത്തിന്റെ ഫലമല്ല എന്നത് എനിക്കറിയാമല്ലൊ. അത് ആ കുടുംബത്തിന്റെ മനസ്സിലുണ്ടായ സമാധാനം, സന്തോഷം, തൃപ്തി അല്ലെങ്കിൽ ഇന്നത്തെ ഭാഷയിൽ പറഞ്ഞാൽ പോസിറ്റീവ് എനർജിയുടെ ഫലം തന്നെ ആകണം.

പ്രദീപ് സാബിന്റെ സിന്ധി കാമുകി അദ്ദേഹത്തിനേക്കാളും ചെറുപ്പമായ വേറൊരു കാമുകനുമായി അടുപ്പത്തിലായി; മാറ്റം വാങ്ങി പോയി. പ്രദീപ് സാബ് തിരിച്ചു വന്നു. മാത്രമോ, ഏതോ കേസിൽ പെട്ടു കിടന്ന ഒരു പ്രമോഷൻ ശരിയായപ്പോൾ പിന്നാലെ പിന്നാലെ വന്ന പ്രമോഷനുകളിൽ പ്രസന്ന ബെൻ അസ്സോഷ്യേറ്റ് പ്രൊഫസ്സർ. ആനന്ദലബ്ധിക്കിനി എന്തു വേണം?

വാൽക്കഷണം: 2011 ലെ എ.ഐ.ഒ.സി. യിൽ വന്ന പ്രസന്ന ബെൻ (റിട്ടയർ ചെയ്തിരുന്നു) എന്റെ വീട്ടിൽ വന്നിരുന്നു. എനിക്കൊരു കസവ് വേഷ്ടിയും, എന്റെ ഭാര്യയ്ക്ക് ഒരു കസവു സാരിയും സമ്മാനിച്ചു.

എന്നിൽ തളിരിട്ട പ്രണയങ്ങൾ

ഡോ. ദീപ

മുന്നറിയിപ്പ്: ഇതു തികച്ചും അനുരാഗികളെ ഉദ്ദേശിച്ചുള്ള ഒരു കുറിപ്പാണ്. വായനയിൽ, കലയിൽ, സിനിമയിൽ ഒരു ശരാശരി നിലവാരം മാത്രം പുലർത്തുന്നവർക്കും. ഉയർന്ന നിലവാരം ഇക്കാര്യങ്ങളിൽ സൂക്ഷിക്കുന്നവർ ആണ് നിങ്ങളെങ്കിൽ ഇതു നിങ്ങളെ ചിലപ്പോൾ നിരാശപ്പെടുത്തിയേക്കാം.

സാഹിത്യകൃതികൾ, ഗാനങ്ങൾ, സിനിമകൾ, ചിത്രങ്ങൾ ഇവയെ ഒക്കെ ഞാൻ പല രീതികളിൽ ആസ്വദിക്കാറുണ്ട്. ചിലപ്പോൾ വെറും ഒരു കാഴ്ചക്കാരിയായി, മറ്റു ചിലപ്പോൾ ആ കഥാതന്തുവിനെയോ കഥാപാത്രങ്ങളെയോ അനുഗമിക്കുന്ന സഹയാത്രികയായി, അല്ലെങ്കിൽ സ്വയം ആ കഥാപാത്രങ്ങൾ ആയി അവരുടെ വികരവിചാരങ്ങളെ പൂർണമായി എന്നിൽ ആവാഹിച്ചുകൊണ്ടും. കൊറോണ തളച്ചിട്ട ഒരാഴ്ച എനിക്കിഷ്ടപ്പെട്ട പാട്ടുകളിലൂടെയും, പുസ്തകങ്ങളിലൂടെയും, സിനിമകളിലൂടെയും ഒക്കെ ഒരു ചെറിയ തിരനോട്ടം നടത്തി. ഇടക്ക് പീര പോലെ മേമ്പൊടിയായി എന്റെ ചിതറിത്തെറിച്ച കുറെ ചിന്തകളും. അങ്ങനെ തികച്ചും സാധാരണമായ ഒരു മദ്ധ്യാന്ഹത്തിൽ വ്യത്യസ്തമായൊരു ചിന്താസരണിയിലായി ഞാൻ. ഭൂമിയിൽ ഏറ്റവും സുന്ദരമെന്നു കാല്പനികരും യാഥാർത്ഥ്യവാദികളും ഒരേപോലെ വാഴ്ത്തിയ പ്രണയം എന്ന വികാരത്തെ എന്നിൽ വല്ലാതെ ആഴത്തിൽ അല്ലെങ്കിൽ തീർത്തും വിചിത്രമായി ഉണർത്തിയ മലയാളത്തിലെ ചില വായനാ-ദൃശ്യ-സങ്കല്പങ്ങൾ ആയിരുന്നു അവ. എന്നിൽ അവ ഉളവാക്കിയ സന്തോഷത്തിൽ കുറച്ചു നിങ്ങളിലേക്കും പകർന്നാലോ? ഒന്നു വായിച്ചു നോക്കൂ..

ഈ അടുത്തിടെ ഉായ ഒരു വായന അനുഭവത്തിൽ നിന്നാകട്ടെ തുടക്കം. ശ്രീ. അജയ്.പി.മങ്ങാട്ടിന്റെ സൂസന്നയുടെ ഗ്രന്ഥപ്പുര എന്നതാണ് പുസ്തകം. ലോക സാഹിത്യത്തിലെ ഒരുപാട് കൃതികളോട് ഒരുമിച്ചു എന്നിൽ ആസക്തി ഉണർത്തിയ ഒരു കൃതി ആണ് അത്. അതിൽ അന്ധനായ, അവഗണിക്കപ്പെട്ട, ഒറ്റപ്പെട്ട ഒരു മനുഷ്യന് ജീവിതത്തിൽ ആദ്യമായി, ഒരു സ്ത്രീയോട്, കണ്ടു മുട്ടുന്ന മാത്രയിൽ തന്നെ പ്രണയം തോന്നുന്ന ഒരു നിമിഷത്തിന്റെ വർണ്ണന എനിക്ക് തീർത്തും പുതുമയുള്ളതായി തോന്നി. കഥാകാരന്റെ വാക്കുകളിൽ "അവൾ ശ്വസിക്കുന്നതു കേൾക്കാം. പിൻകഴുത്തിൽ ഇടവിട്ടു വീഴുന്ന മഴതുള്ളിപോലെ അത് അയാളെ കോരിത്തരിപ്പിക്കുന്നുണ്ടായിരുന്നു. അല്ലെങ്കിൽ മഞ്ഞുകാലപുലരിയിൽ ഉണരുമ്പോൾ പുതപ്പിനടിയിൽ കാൽപ്പാദങ്ങൾ തമ്മിൽ ഉരസുമ്പോഴുണ്ടാകുന്ന ഊഷ്മളത പോലെ." ഇതിൽ എന്താണിത്ര വിചിത്രമെന്ന് നിങ്ങൾക്ക് തോന്നിയോ? ആദ്യകൂടിക്കാഴ്ചയിലെ അത്രയ്ക്കൊന്നും ആഴമില്ലാത്ത എന്നാൽ ആ വ്യക്തിക്ക് അത്രയേറെ അനന്യമായ ആ അനുഭവ വേദ്യത്തെ ഇതിലും പുതുമയോടെ ഉപമിക്കാനാവുമോ എന്നെനിക്കു തോന്നി. ഇനി ഒരു തണുത്ത പുലർക്കാലത്ത് ഉണരുമ്പോൾ പുതപ്പിനടിയിൽ കാൽപ്പാദങ്ങൽ എന്നത്തെയുംപോലെ ഉരസുമ്പോൾ എന്നോർത്തു നോക്കൂ...

വ്യാസമഹർഷിയുടെ മഹാഭാരതത്തിൽ അജയ്യമായിരുന്ന ഒരു ശരീരം മാത്രമായിരുന്നു ഭീമസേനന്റെ അനാഥമായ ദു:ഖങ്ങൾ തുറന്നുകാട്ടി രാമനോ യഥാർത്ഥ ധീരൻ എന്നു നമ്മെ ചിന്തിപ്പിച്ചത് ശ്രീ എം.ടി.യുടെ രാമൂഴം ആയിരുന്നു. സമാന ചിന്താധാര പിൻതുടർന്നു ഭീമസേനന്റെയും, കീചകന്റെയും പ്രണയ വിഹ്വലതകൾ ആവിഷ്കരിച്ച ഒരു നാടകമാണ് ശ്രീ പ്രശാന്ത് നാരായണന്റെ ഛായാമുഖി. രാമൂഴത്തിൽ "വിയർപ്പിന് പോലും താമരപ്പൂവിന്റെ ഗന്ധമുള്ള അതിസുന്ദരിയായ ദ്രൗപതിയെപ്പറ്റി കേട്ടപ്പോഴെക്കും ആദ്യ പ്രണയിനി കാനനസുന്ദരി ഹിടുംബിയെ സ്വപ്നങ്ങളിൽ നിന്നു പോലും തുടച്ചെറിഞ്ഞ ഭീമനോട് എനിക്ക് തോന്നിയ നീരസം ചില്ലറയല്ല. എന്നാൽ നോക്കുന്ന ആളിന്റെ മുഖത്തിനുപകരം അയാളുടെ ഹൃദയത്തിലെ ഏറ്റവും പ്രിയങ്കരമായ രൂപം പ്രതിഫലിപ്പിക്കുന്ന മായാക്കണ്ണാടിയായ ഛായാമുഖിയിൽ, താൻ നോക്കിയാൽ ദ്രൗപതിയെയും, ദ്രൗപതി നോക്കിയാൽ അർജുനനെയും ആണ് കാണുക എന്ന ഭീമന്റെ ആത്മസങ്കർഷം എന്നെ കുറച്ചൊന്നുമല്ല സന്തോഷിപ്പിച്ചത്. ഒരേ സ്ത്രീയോടുള്ള പ്രണയത്തിന്റെ മാസ്മരികതയിൽ യുദ്ധം ചെയ്ത കീചകനും, ഭീമനും. മരിക്കുമ്പോഴും, കൊല്ലുമ്പോഴും പരസ്പരം കാണുന്നു. കണ്ണുകളിൽ അലയടിച്ച ദ്രൗപതിയോടുള്ള പ്രണയാസ്ക്തി. അങ്ങനെ അതു രുപേർക്കും ഒരുപോലെ ജയപരാജയങ്ങളുടെ നിമിഷമായി മാറുന്നു. അവർ രുപേരും ഒരുപോലെ സഹതാപം അർഹിക്കുന്ന പരാജയപ്പെട്ടവരും ആകുന്നു.

"ഭൂമി നിറയെ പൂക്കൾ, എന്റെയീ
കൈകുടന്നയിൽ എത്രകൊള്ളും?
ഭൂമി നിറയെ പ്രണയം, ഒരു പെണ്ണിന്റെ
കണ്ണിൽ എത്ര കൊള്ളും?
ഭൂമി നിറയെ ജീവിതം. ഒരു അസ്ഥി
കുടുക്കയിൽ എത്ര കൊള്ളും?
പ്രണയിക്കാൻ എളുപ്പമാണെന്നും, പ്രണയിക്കപ്പെടാൻ ആണ് പ്രയാസം എന്നും ഇത്ര മനോഹരമായി ആഖ്യാനിച്ച കൃതികൾ കുറവാകും.

ശ്രീ. റോസി തമ്പി പരിഭാഷപ്പെടുത്തി പാട്ടുകളുടെ പാട്ട് എന്ന പുസ്തകത്തിലെ ഫാദർ ബോബി ജോസ് കട്ടികാടിന്റെ കുറിപ്പാണു അടുത്ത്. അതിൽ പറയുന്നു....
ഒരാൾ പ്രണയത്തിൽ ആയിരിക്കുമ്പോഴാണ് അയാളുടെ ഏറ്റവും നല്ല സാധ്യതകൾ പ്രകാശതമാകുന്നത്. അല്ലെങ്കിൽ, സങ്കീർത്തനങ്ങൾ ഉൾപ്പെടെ എത്രയോ ഗീതങ്ങളുടെ സമാഹാരമാണ് ബൈബിൾ. എന്നിട്ടും പാട്ടുകളുടെ പാട്ടു

എന്നറിയപ്പെടുന്നത് ഈ പ്രണയഗീതം മാത്രമാണ്– ശാലോമോന്റെ പ്രണയഗീതങ്ങൾ, തരിശുനിലങ്ങളെ പൂപ്പാടങ്ങൾ ആക്കാനുള്ള മാന്ത്രികവടി ദൈവം പ്രണയികൾക്കു മാത്രമേ സമ്മാനിച്ചിട്ടുള്ളു എന്ന ഈ ഒരു വരി ആസ്വാദകരുടെ മനസ്സിൽ ഒരു അനശ്വര വസന്തത്തിന്റെ സുഗന്ധം നിറക്കുന്നില്ലേ? പ്രണയം എന്നത് ഒരു വ്യക്തിയോടൊ, സൃഷ്ടിയോടൊ, ഒരു ഇടത്തോടൊ, ഒരു ആശയത്തോടൊ, ഒരു വസുതവിനോട് തന്നെയോ തോന്നാവുന്ന അതിരില്ലാത്ത, അളവില്ലാത്ത, തീവ്രമായ സ്നേഹം ആകുന്നു. ഇതു പോലുള്ള ചില എഴുത്തുകൾ ഒരു അളവിൽ നമുക്കു അതിനെ അനുഭവപ്പെടുത്തുന്നു. അദൃശ്യമായ ഒരു മാന്ത്രികവടി നിങ്ങളുടെ കയ്യിലും ഉറോ എന്ന് ഇതു വായിക്കുമ്പോൾ നിങ്ങളും കൈ ഉയർത്തി നോക്കുക തന്നെ ചെയ്യും.

സോളമന്റെ ഗീതങ്ങളെ പറ്റി പറഞ്ഞ പ്പോളാണ്– എനിക്കത്രമേൽ പ്രിയപ്പെട്ട സോളമനേയും, സോഫിയെയും അവരുടെ മുന്തിരിതോട്ടങ്ങളെയും പറ്റി എങ്ങനെ പറയാതെ ഇരിക്കും. കുട്ടിക്കാലത്തു വളരെ അലസമായി ഞാൻ കണ്ടുമറന്ന ആ ചിത്രം, പിന്നീട്, വളർന്നതിൽ പിന്നെയുള്ള ഓരോ കാഴ്ചയിലും ഒരു വ്യത്യസ്തപ്രണയത്തിലാണ് എന്നെ കൊത്തെിച്ചത്. ഒരു പെൺകുട്ടിയുടെ വിശുദ്ധിയെ അവളുടെ കന്യകാത്വത്തിനോടുമാത്രം ചേർത്തു ഉദ്ഘോഷിച്ചിരുന്ന ഒരു കാലഘട്ടത്തിൽ പദ്മരാജനു മാത്രം കഴിയുന്ന ഒരു മാജിക്, സ്വന്തം വീട്ടിൽ ബലാത്സംഗം ചെയ്യപ്പെട്ട തന്റെ പ്രണയിനിയെ ഒരു തരി പോലും സന്ദേഹം ഇല്ലാതെ, കളങ്കം ചാർത്താതെ തന്റെ ജീവിതത്തിലേക്ക് മറ്റാരെയും വകവെക്കാതെ സോളമൻ കോരിയെടുക്കുമ്പോൾ, സോഫിയേക്കാൾ കോരിത്തരിച്ചത് ഞാനും എന്നെ പോലെ മറ്റു ചില ഭ്രാന്തരും ആയിരിക്കണം. പവിത്രയായ സീതാദേവിയെ രാജധർമം എന്ന പേരിൽ അഗ്നിപരീക്ഷക്കിരയാക്കിയ ശ്രീരാമദേവനെ കൂടി ഓർത്തപ്പോൾ,, ഇതിലും ഉദാത്തമായി ഒരു പുരുഷന് ഒരു സ്ത്രീയേയും പ്രണയിക്കാൻ കഴിയില്ലെന്ന് എനിക്ക് തോന്നുകയും, സോഫിയേക്കാൾ അഭിമാനത്തിൽ എന്റെ ഹൃദയം വിങ്ങുകയും ചെയ്തു. വിയോജിപ്പുള്ളവർ എന്നോട് സാദരം പൊറുക്കുക. എന്റെ പ്രണയനായകന്മാരിൽ മോഹൻലാലിനെയും അദ്ദേഹത്തിന്റെ ചില കഥാപാത്രങ്ങളെയും കുടിയിരുത്തുന്നതിൽ കെട്ടുകഥകളും ഭ്രമകല്പനകളും ജീവിതവുമായ ഇത്രമേൽ ഇഴ ചേർത്ത പദ്മരാജൻ എന്ന മഹാപ്രതിഭ വഹിച്ച പങ്ക് ചെറുതല്ല.

ഇനി ഒരു പ്രണയിനിയെ പറ്റി പറയാം. ശ്രീമതി. കെ.ആർ.മീരയുടെ സൂര്യനെ അണിഞ്ഞ ഒരു സ്ത്രീ എന്ന നോവലിലെ ജെസബെൽ. ഇതു വരെ പറഞ്ഞ വയെല്ലാം ആഹ്ലാദകരമായ പ്രണയാനുഭവങ്ങൾ ആണെങ്കിൽ, ഹൃദയവ്യഥയിൽ നീറ്റുന്ന ഒരു സ്നേഹം എന്നിൽ ചാലിച്ചവളാണ് ജെസബെൽ. ജീവിതം തന്റെ മേൽ കുടഞ്ഞിട്ട ദു:ഖങ്ങൾക്കും, ഇല്ലാകളങ്കങ്ങൾക്കും തെല്ലും മങ്ങൽ ഏൽപ്പിക്കാൻ കഴിയാത്ത അവളുടെ കലർപ്പില്ലാത്ത ഹൃദയത്തിന്റെ പ്രണയത്തിനായുള്ള ദാഹം എന്നെ വല്ലാതെ ശ്വാസം മുട്ടിച്ചു. ഭൂമിയിൽ ഏറ്റവും അർഹരായ ചിലർക്ക് ഒരിക്കൽ പോലും കിട്ടാക്കനിയായി ദൈവം പ്രണയത്തെ മാറ്റുന്നു. ചില്ലപോഴെങ്കിലും ആത്മാർത്ഥമായി ഒരിക്കലെങ്കിലും സ്നേഹിക്കപ്പെടാൻ ശക്തമായ അഭിവാഞ്ഛയോടെ ജീവിക്കുന്ന അവളോട് ദൈവം കനിയുന്നതേയില്ല. അതിനാൽ തന്നെ യഥാർത്ഥ പ്രണയം ജീവിതം തകർത്തവർപോലും അവളിൽ നിറഞ്ഞ ആദരവും, അനുകമ്പയും, ആത്മനിന്ദയും നിറക്കുന്നു.

പ്രണയഗാനങ്ങളിലേക്കു ഞാൻ കടക്കുവാൻ ധൈര്യപ്പെടുന്നില്ല. നീണ്ട നിരയും, പുസ്തകങ്ങളെക്കാൾ ജനകീയമായ അവ ഉളവാക്കിയേക്കാവുന്ന ആവർത്തനവിരസതയും തന്നെ കാരണം. എങ്കിലും, ഏതു കോലാഹലത്തിലും വിക്ഷുബ്ധതയിലും പശ്ചാത്തലത്തിലെവിടെയെങ്കിലും ഒരു ചെറിയ bgm മുഴങ്ങിയാൽപോലും എന്നിൽ പ്രണയാധിഷ്ഠിതമായ ഒരു മനോപൂർണതയെ അലയടിപ്പിക്കുന്ന ഒരു ഗാനത്തെ ഓർക്കട്ടെ. ചിലപ്പോൾ വെറുതെ നിനക്കുന്ന വിഷാദിയായും, ചിലപ്പോൾ ഇറ്റു വീഴുന്ന രാത്രിമഴത്തുള്ളികളിൽ കാതരയായും, മറ്റു ചിലപ്പോൾ സ്നിഗ്ധമാം മുടിച്ചാർത്തുള്ള കാല്പനികയായും ഞാൻ അലിയുന്ന, "അരികിൽ നീയുണ്ടായിരുന്നെങ്കിൽ" എന്ന ഗാനം, അനുകരണങ്ങൾക്കും, വിശേഷണങ്ങൾക്കും അതീതമായ ശ്രീ. ഒ.എൻ.വി യുടെ ശൈലിയും, ദേവരാജന്റെ ഗീതമാന്ത്രികതയും, ഗന്ധർവനാദവും ഹികാബോജിയിൽ ഇന്ദ്രജാലം തീർത്ത് പ്രേമശകലം. ആചെമ്പകപ്പൂമൊട്ടു എന്റെ ആത്മാവിൽ നിത്യസൗരഭ്യം പരത്തുന്നു.

തുടർന്ന് കൊണ്ടേയിരുന്നാൽ അവ സാനമില്ലാത്തതാണ് മിക്ക ചിന്തകളും, സമയം എന്ന ഒരു വില്ലൻ ഇല്ലായിരുന്നെങ്കിൽ, നാമറിയാതെ നിരന്തരം, തിരിച്ചു പിടിക്കാനാകാതെ നമ്മിൽ നിന്നൂർന്നു പോകുന്ന അമൂല്യ വസ്തു. അതിനെമാനിച്ചു ഈ പ്രണയ സല്ലാപത്തിനു ഞാൻ വിരാമം ഇടുന്നു. വിശ്വവിഖ്യാതനായ പ്രണയകവി പാബ്ലോ നെരൂദയുടെ പ്രേമശതകത്തിലെ വരികൾ ഓർത്തു കൊണ്ട്. . .
"ഒരിക്കലും പൂവിടാത്ത ഒരു ചെടി, തന്റെയുള്ളിൽ ഒളിപ്പിക്കുന്ന പൂക്കളുടെ പ്രകാശം വഹിക്കുന്നതിപോലെ നിന്റെ പ്രേമം മൂലം ഭൂമിയിൽ നിന്നുയരുന്ന കടുഗന്ധം ഇരുളിൽ എന്റെ ശരീരത്തിലും ജീവിക്കുന്നു.. . . .

എന്റെ വീട്ടുകാരിക്ക്

ഡോ. ആർ.ആർ.വർമ



നേർത്ത നനവുള്ള തോർത്തു മൂടും മൂടി –
ക്കെട്ടും, തിളങ്ങുന്ന കുങ്കുമപ്പൊട്ടിന്റെ
ഭംഗിയെ വെല്ലും വിടർന്ന ചിരിയുമായ്
രാവിലെയെന്നുടെയന്തികത്തെത്തവേ. . . . .
ഓർപ്പിപ്പൂ നീ ചെറു മഞ്ഞിൻ തിരശ്ശീല
നീക്കി കിഴക്കായുദിയ്ക്കും പുലരിയെ.

പിന്നെയടുക്കളയ്ക്കുള്ളിൽ വിയർപ്പിന്റെ
മുത്തുകൾ ചേർന്ന കവിളുമായ് നീയാവി
പൊങ്ങുന്ന പാത്രം ചരിച്ചരി വാർക്കവേ. . . . . .
കു ഞാൻ നട്ടുച്ച വെയ്‌ലിൽ തിളയ്ക്കുന്ന
ഭൂമി തൻ ദീർഘനിശ്വാസങ്ങൾ പോൽ വായു
പൂക്കളായ് മേലോട്ടുയർന്നു പൊങ്ങുന്നതും.

ഉച്ചയുറക്കം കനം ചേർത്ത കണ്ണുക–
ളിത്തിരി പൊക്കി നീയെന്നെ നോക്കീടവേ. . . . . .
കാണുന്നിടക്കിടക്കായ് നിഴൽ മുടി.
വെള്ളത്തിൽ വെയ്‌ലിൻ കണം തിളങ്ങുന്നതും.

വൈകീട്ടു മേലു കഴുകി, മുടി കോതി,
ഭസ്മക്കുറിയുമണിഞ്ഞു നീയെത്തവേ . . . . . .
നീല വാനത്തിന്റെ കോണിൽ തെളിയുന്ന
പഞ്ചമിച്ചന്ദ്രക്കലയെ ഞാനോർത്തു പോയ്.

പുനർജനി

ഒരു അനുഭവ കഥ

ഡോ. ജയശ്രീ. ഐ



അടുക്കളമുറ്റത്തെ പേരമരത്തിന്റെ മേലെ കൊമ്പിൽ ചിറകൊതുക്കിയിരുന്ന പെങ്കിളി കാതരമായ മിഴികളുയർത്തി ആൺകിളിയെ നോക്കി.

"എനിക്ക് വല്ലാതെ ഭീതി തോന്നുന്നു. നമുക്ക് ആ കൂട് ഉപേക്ഷിക്കാം."

അവൾ ഇണയുടെ കാതിൽ കൊക്കുരുമ്മിക്കൊണ്ട് മെല്ലെ മൊഴിഞ്ഞു.

" നീ എന്താണ് പറഞ്ഞു വരുന്നത്? എത്ര ദിവസം കഷ്ടപ്പെട്ടാണ് നമ്മൾ അത് പണിഞ്ഞതെന്ന് ഇത്രവേഗം മറന്നോ? "

ആൺകിളി നീണ്ട കൊക്കുകൾ വിടർത്തി തുടർന്നു.

"നോക്കൂ, എപ്പോഴാണ് റെഡ് അലർട്ട് പ്രഖ്യാപിക്കുന്നതെന്നറിയില്ല. കാറ്റിലും മഴയിലും കൂട് തകർന്നു കുഞ്ഞുങ്ങൾ ചിറകൊടിഞ്ഞു കിടക്കുന്ന ഹൃദയഭേദകമായ കാഴ്ച ഇനിയും കാണാൻവയ്യ. ഇതിപ്പോൾ കൂട് വീടിനകത്ത് ആകയാൽ അങ്ങനെയൊരു പേടി വേണ്ട."

കഴിഞ്ഞൊരു മഴപ്പെയ്ത്തിൽ കാറ്റിൽ ഒടിഞ്ഞുവീണ മരച്ചില്ലയോടൊപ്പം നിലംപതിച്ച കൂട്ടിൽ നിന്നുയർന്ന കുഞ്ഞുരോദനത്തിന്റെ ഓർമ്മയിൽ ആൺകിളി ഒരു നിമിഷം നിശബ്ദനായി.

"മാത്രമല്ല, എത്രയോ ദിവസത്തെ നിരീക്ഷണ പറക്കലിന് ശേഷമാണ് നമ്മൾ ഈ വീട് സെലക്ട് ചെയ്തത്. ഇവിടെയാകുമ്പോൾ ശല്യം ചെയ്യാൻ ഒരു കുസൃതി കുരുന്നു പോലുമില്ല. രാവിലെ ഇറങ്ങി പോയാൽ അന്തിമയങ്ങുമ്പോൾ മാത്രം ചേക്കേറുന്ന മു:പ്രാകൾ (മുതുക്ക് പ്രായം) കാർട്ടിലേജ് തേഞ്ഞ, ഫ്ളൂയിഡ് വറ്റിയ മുട്ടുകാലും വച്ച്, അത്രപെട്ടെന്നൊന്നും മുകളിലേക്ക് കയറി വരികയുമില്ല. "

പ്രിയതമന്റെ ആശ്വാസവാക്കുകൾക്ക് അവളുടെ ആശങ്കയകറ്റാനായില്ല. അവൾ സംശയത്തോടെ അവന്റെ മുഖത്തേക്ക് ഉറ്റു നോക്കി പറഞ്ഞു.

"ഗൃഹനാഥൻ ആളൊരു മാന്യനാണെന്നതിൽ എനിക്ക് എതിരഭിപ്രായമൊന്നുമില്ല. പക്ഷേ അയാളുടെ ഭാര്യയുടെ രീതികൾ എനിക്കത്ര പിടിക്കുന്നില്ല. അവരെന്തിനാണ് ദിവസവും മുകളിലേക്ക് കയറിവന്ന് നമ്മെ വീക്ഷിക്കുന്നത്? "

"അതിപ്പോൾ നീ ഈ ലോകത്തൊന്നുമല്ലേ ജീവിക്കുന്നത്? നാട്ടുനടപ്പനുസരിച്ച് വാട്സ്ആപ്പ് സ്റ്റാറ്റസ്സ് അപ്ഡേറ്റ് ചെയ്യാനും, ഫെയ്സ്ബുക്കിൽ പോസ്റ്റ് ചെയ്യാനുമായി ചില ചിത്രങ്ങൾ എടുക്കുന്നു എന്നല്ലാതെ അവർ നമ്മളെ ഉപദ്രവിക്കാറില്ലല്ലോ. നീ തിരിഞ്ഞു നോക്കാറില്ലെങ്കിലും അവരെന്നും പാലും പഴം നുറുക്കുകളും നമുക്കായി അരമതിലിൽ കൊണ്ടു വയ്ക്കുന്നത് കാണുന്നില്ലേ? "ഒന്ന് നിർത്തി ആൺകിളി അവളെ സമാധാനിപ്പിച്ചു.

"എന്നാലും എനിക്കെന്തോ പേടി തോന്നുന്നു. അവർ ഇന്നലെ കൂടിനുള്ളിലേക്ക് ടോർച് തെളിച്ചു നോക്കുന്നത് കണ്ടു" പെൺകിളിക്ക് ആപത്ശങ്കയൊഴിയുന്നില്ല.



"അതിപ്പോൾ കൂടീ പണിതിട്ട് രണ്ടാഴ്ചയായില്ലേ, മുട്ടയിട്ടെങ്കിൽ പടം പിടിക്കാനായിരിക്കും. നോക്കൂ, ഞാൻ പറയുന്നത് നീയൊന്നു മനസ്സിലാക്ക്. ഇതിലും സുരക്ഷിതമായൊരിടം നമുക്ക് കണ്ടെത്താനാവില്ല. അതുമിതും പറഞ്ഞ് സമയം കളയാതെ നീ വേഗം മുട്ടയിടാൻനോക്ക്". ആൺകിളിക്ക് കുറേശ്ശെ ദേഷ്യം വന്നു തുടങ്ങിയിരുന്നു.

പെൺകിളി ചുണ്ടുകൾ ആൺകിളിയുടെ നെഞ്ചിലമർത്തി ആശ്വാ സത്തോടെ നിശ്വസിച്ചു.

സമയം രാവിലെ ആറുമണിയായെന്ന് അറിയിച്ചുകൊണ്ട് മുഴങ്ങിയ അലാറത്തിനൊപ്പം എന്റെ സ്വപ്നത്തിലെ ചില്ലയിൽനിന്ന് ഇണക്കുരുവികൾ പറന്നകലുന്നത് തെല്ലൊരു നഷ്ടബോധത്തോടെ ഞാൻ നോക്കി നിന്നു. നേരം നുള്ളി വെളുക്കുന്നതിനു മുൻപേ എഴുന്നേറ്റ് കടുപ്പത്തിലൊരു ചായക്കായി, ഭാര്യ ഉണരുന്നതും കാത്ത് പത്ര പാരായണത്തിൽ മുഴുകിയിരുന്ന ഭർത്താവിനെ ഗൗനിക്കാതെ, കോണിപ്പടികൾ കയറി ഞാൻ മുകളിലെത്തി. ടെറസ്സിലെ ചായ്പിനുള്ളിൽ അയക്കയറിൽ തൂങ്ങിക്കിടന്നിരുന്ന കിളിക്കൂടിനുള്ളിലേക്ക് എത്തിനോക്കിയ എന്റെ ഹൃദയം തുടിച്ചു, കണ്ണുകൾ വിടർന്നു, പ്യൂപ്പിൾസ് ഡയലേറ്റടായി... കൂടിനകത്തെ ഇരുട്ടിൽ ചാരനിറത്തിൽ തിളങ്ങുന്ന രണ്ടു കുഞ്ഞു കിളിമുട്ടകൾ. എത്രയോ നാളത്തെ കാത്തിരിപ്പിനൊടുവിലെ സ്വപ്നസാഫല്യം!

ഏതാനും ആഴ്ചകൾക്ക് മുൻപൊരുദിവസം തുണികൾ വാഷിംഗ് മെഷീനിൽ അലക്കാനിടാനായി ടെറസ്സിലെത്തിയതായിരുന്നു ഞാൻ. ചായ്പിൽ തുണികൾ വിരിച്ചിടാനായി കെട്ടിയിരുന്ന അയക്കയറിന്റെ താഴേക്കൂർന്നുകിടന്ന സ്വതന്ത്രമായ തുമ്പിൽ ഉണങ്ങിയ രണ്ടിലകൾ കണ്ടു. മെഷീന്റെ പുറത്തുമുണ്ടായിരുന്നു കരിഞ്ഞുണങ്ങിയ ഇലത്തുണ്ടുകൾ. എലി ശല്യം വീണ്ടും തുടങ്ങിക്കാണുമെന്നാലോചിച്ച് ഞാനതെല്ലാം വൃത്തിയാക്കി. രണ്ടു ദിവസം കഴിഞ്ഞ് വീണ്ടും മുകളിലെത്തിയപ്പോൾ അയക്കയറിന്റെ തുമ്പിൽ പരസ്പരം കോർത്തിണക്കിയതുപോലെ മൂന്നുനാല് കരിയിലകൾതൂങ്ങുന്നുണ്ടായിരുന്നു. അതൊരു കിളിക്കൂട് ഇൻദി മേക്കിങ്ങ് ആണെന്ന് മനസ്സിലാക്കാൻ എനിക്ക് കൂടുതൽ ആലോചിക്കേണ്ടിവന്നില്ല. ഏതാനും ദിവസങ്ങൾക്ക് മുൻപ് അടുക്കള ജോലിക്കിടെ, അടുത്ത കേട്ടൊരു കിളിയൊച്ചയുടെ ഉറവിടം ഞാൻ തിരഞ്ഞതാണ്. പക്ഷേ ചന്നംപിന്നം പെയ്ത മഴയ്ക്കിടെ തൊട്ടുമുകളിൽ നിന്നായിരുന്നു ആ ശബ്ദമെന്ന് മനസ്സിലാക്കാനായില്ല.

വീടുപണിത് ഏറെ നാൾക്ക് ശേഷമാണ് മുകളിലെ ഓപ്പൺ ടെറസ്സിൽ ട്രസ്സ്‌വർക്ക് ചെയ്ത് ചുറ്റും കമ്പിയഴികളിട്ട ചായ്പ് നിർമ്മിച്ചത്. വർഷങ്ങളുടെ ജോലി ഭാരത്താൽ നടുവൊടിഞ്ഞൊരു അലക്കുയന്ത്രവും, നിറംമങ്ങിയ മൂന്നുനാല് കസേരകളും, ദുർബലമായ കരങ്ങളാൽ അഴികളിൽ പിടിച്ചു കയറുന്ന, സമയത്തിനും കാലത്തിനും ഭക്ഷണവും വെള്ളവും ലഭിക്കാതെ മൃതപ്രായയായൊരു മണിപ്ലാന്റുമായിരുന്നു ചായ്പിലെ അന്തേവാസികൾ. അലസതയുടെ മൂർദ്ധന്യത്തിൽ, അയയിൽ കഴുകി വിരിച്ചിടുന്ന തുണികൾ എടുക്കാൻ മടിക്കുമ്പോൾ, മഴയും മഞ്ഞുമേൽക്കാതെ എത്രനാൾ വേണമെങ്കിലും അതവിടെ സുരക്ഷിതമായി കിടന്നു കൊള്ളുമെന്നതായിരുന്നു ചായ്പ് കൊണ്ടുണ്ടായ ഏറ്റവും വലിയ നേട്ടം. തന്റെ ജോലി നിർവഹിക്കുന്നതിൽ വാഷിംഗ് മെഷീൻ അതിനിപുണനെങ്കിലും, വിരിക്കുന്നതിനും മടക്കുന്നതിനുമൊക്കെ പകലന്തിയോളം പണിയെടുക്കുന്ന പാവം കരങ്ങൾ തന്നെ വേണമല്ലോ! കഴുകിയ തുണികൾ അയയിൽ വിരിച്ചിട്ട്, ഉണങ്ങിയവ തേച്ചു മടക്കി തരംതിരിച്ച് അലമാരയിൽ അടുക്കിവയ്ക്കുന്ന ചുറുചുറുക്കുള്ള റോബോട്ടുകളെ ഘടിപ്പിച്ച അലക്കുയന്ത്രങ്ങൾ പലപ്പോഴും ചിന്താമണ്ഡലത്തിൽ കടന്നുവന്ന് എന്നെ കോൾമയിർ കൊള്ളിക്കാറുണ്ട്.



പിന്നീടങ്ങോട്ട് നിരീക്ഷണത്തിന്റെ ദിനങ്ങളായിരുന്നു. ഏറെ രസകരമായിരുന്നു ആ നിരീക്ഷണം. പതുക്കെപതുക്കെ കൂടിന്റെ പണി പുരോഗമിച്ചു. കട്ടിള വെച്ചു. മുൻപോട്ട് അല്പം ഉന്തിനിൽക്കുന്ന പൂമുഖം പണിതു. ചകിരിനാരും കരിയിലകളും കോർത്ത് പുറമേ പരുക്കനെങ്കിലും, ഉൾവശം മിനുസവും വിശാലവു മായ ഷോറൂം. ഇതിനിടെ കൂടിന്റെ ഉടമസ്ഥൻ മുറ്റത്തെ മാവിൻ ചില്ലയിൽ തത്തിക്കളിച്ചിരുന്ന തേൻകുരുവികളാണെന്ന് കണ്ടെത്തിയിരുന്നു. ഒരാൾ കൂട് ചമയ്ക്കാൻ സാമഗ്രികളുമായി എത്തുമ്പോൾ, മറ്റേയാൾ പുറത്തെ മരച്ചില്ലയിൽ കാവലിരിപ്പുണ്ടാവും. രണ്ടാഴ്ചയോളം എടുത്തു കൂടുനിർമ്മാണം പൂർത്തിയാകാൻ. സമയാസമയം ചിത്രങ്ങളെടുത്ത് അടുപ്പമുള്ള ഗ്രൂപ്പുകളിൽ പോസ്റ്റ് ചെയ്യാനും ഞാൻ മറന്നില്ല.

വീടിനുമുന്നിലെ പൂന്തോട്ടത്തിലും ചെറുമരച്ചില്ലകളിലും കിളിക്കൂടുകൾ വാങ്ങി തൂക്കിയിട്ട്, കിളികളെ കാത്തിരുന്ന് പരാജയപ്പെട്ട ബന്ധു കൂടിയായ എന്റെ കൂട്ടുകാരി, കൂടിനടുത്തേക്ക് പോകരുതെന്നും മനുഷ്യസാമീപ്യം ഉണ്ടായാൽ കിളികൾ കൂടുപേക്ഷിച്ച് പോകുമെന്നും മുന്നറിയിപ്പ് നൽകിയിട്ടും എന്നും രാവിലെ അടുക്കളപ്പണി കഴിഞ്ഞ് ഞാനവരെ തേടി ചെന്നിരുന്നു. മുൻപൊരിക്കൽ ഒരു ഫേസ്ബുക്ക് സുഹൃത്ത് അവരുടെ ബാൽക്കണിയിൽ പൂത്തുനിന്ന ഓർക്കിഡ് ചെടികൾക്കിടയിൽ കൂടുവെച്ച കിളികളെയും, കുഞ്ഞിക്കിളികളുടെ ആദ്യ പറക്കലുമൊക്കെ പങ്കുവെച്ചത് കാണുന്നതിനും എത്രയോ മുൻപ് തന്നെ മുറ്റത്തെ മാവിൻ ചില്ലകളിലും ചെടിപ്പടർപ്പുകൾക്കിടയിലും ഞാനൊരു കിളിക്കൂട് തേടിയലഞ്ഞിട്ടുണ്ട്. ചില കടന്നൽകൂടുകളും എട്ടുകാലിവലകളുമല്ലാതെ ഒരു പൂമ്പാറ്റയുടെ പ്യൂപ്പയെപ്പോലും കണ്ടെത്താനായില്ല. ബാല്യത്തിൽ കാത്തിരിക്കാൻ ക്ഷമയില്ലാതെ, ഇലച്ചാർത്തിനടിയിൽ ഒളിച്ചിരുന്ന പ്യൂപ്പകളുടെ പട്ടു കുപ്പായം കുത്തിപ്പൊട്ടിച്ച് നോക്കിയിട്ടുണ്ട്. വർണ്ണച്ചിറകുകൾ വിടർത്താൽ കൊതിച്ചിരുന്ന ശലഭപ്പുഴുക്കൾ മനംനൊന്ത് ശപിച്ചിട്ടുണ്ടാകാം!

കൂടിന്റെ പണി പൂർത്തിയായ ശേഷം രണ്ടാഴ്ച കൂടിയെടുത്തു മുട്ടയിടാൻ. മുട്ടകൾ വിരിയാൻ വീണ്ടും രണ്ടാഴ്ചകൾ കൂടി.. ശരീരഭാഗങ്ങൾ വേർതിരിച്ചറിയാൻകഴിയാത്തവിധം രണ്ടു കുഞ്ഞു ഗോളങ്ങൾ! പതുക്കെപതുക്കെ കുഞ്ഞിക്കണ്ണുകൾ തുറന്നു, കുഞ്ഞിച്ചിറകുകൾ വിടർന്നു. തീറ്റയുമായി അമ്മ വരുന്നതും കാത്ത്, നീണ്ട കൊക്കുകൾ പുറത്തേക്ക് നീട്ടി സുഖസുഷുപ്തിയിലായിരുന്നു അവർ കൂടുതൽ സമയവും.

അടുക്കള സഹായി ലോങ്ങ് ലീവ് എടുത്തതിനാൽ ഇടയ്ക്ക് രണ്ടു ദിവസം മുകളിലേക്ക് പോകാനായില്ലെന്നത് സത്യം. അടുത്ത ദിവസം പതിവുപോലെ ചായ്പിലെത്തിയ എന്റെ നിലവിളി കേട്ടാണ്, സംഭവിച്ചതെന്തെന്നറിയാതെ പരിഭ്രാന്തനായി നല്ല പാതി ഓടി മുകളിലെത്തിയത്.

കിളിക്കുഞ്ഞുങ്ങൾ പറന്നു പോയിരിക്കുന്നു!!

" അവർ പറക്കാനായി ജനിച്ചതല്ലേ, പറന്നു പൊയ്ക്കോട്ടെ".

പക്ഷേ എനിക്കെങ്ങനെ ആശ്വസിക്കാനാകും? അവൾ പിച്ചവെച്ച് പറക്കാൻ പഠിക്കുന്നത് കാത്തിരുന്ന, അങ്ങനെ കുറെ എക്സ്ക്ലൂസീവ് പടങ്ങളും വീഡിയോകളും എടുത്തു വൈറലാകാൻ മോഹിച്ചിരുന്ന എന്റെ സ്വപ്നങ്ങളല്ലേ തകർന്നുതരിപ്പണമായത്. വിവരമറിഞ്ഞ് ആശ്വാസ വാക്കുകളുമായി പലരുമെത്തി... ചിലരെങ്കിലും അതിൽ ഗൂഢമായി സന്തോഷിച്ചിരുന്നില്ലേ എന്നൊരു സംശയവും എനിക്കില്ലാതില്ല... കൂട്ടത്തിൽ പക്ഷിപ്രേമിയായ എന്റെ കൂട്ടുകാരി ബന്ധുവുമുണ്ടായിരുന്നു. കിളികൾ ഇവിടം സുരക്ഷിതമെന്ന് കണ്ടതിനാൽ വീണ്ടും മുട്ടയിടാനെത്തുമെന്ന് അവർ സമാധാനിപ്പിച്ചു.

ഇപ്പോൾ ആളൊഴിഞ്ഞ കൂട്ടിൽ തൂവൽകിടക്ക വിരിച്ച് ഞാൻ കാത്തിരിക്കുന്നു. സാന്ത്വനമേകുമൊരു കിളിയൊച്ചക്കായ് കാതോർത്ത്.....